# കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്

e-mail:deputydlfa.wyd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)എം.2-776/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ – പിൻ 673121

ഫോൺ: 04936-203672

തീയതി.18.12.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല

..

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.

..

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

..

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, ഭാഗം 3ലെ 3-1, 3-16 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

..

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

..

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

..

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ( ജനറൽ )

3)കാര്യാലയ പകർപ്പ്

..

..

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)എം.2-776/2017 തിയ്യതി:18.12.207

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ
കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.02.2017 മുതൽ 12.11.2017 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

..

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

.. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്

യാതൊരു ഉത്തരവാദിത്തവുമില്ല.

..

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . പി .ബി സുരേന്ദ്രൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.11.2007 മുതൽ<br>21.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അഗസ്റ്റ്യൻ ഒ .കെ<br>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ ഡേവിഡ് കെ വി<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദു കെ നായർ, ഓഡിറ്റർ |

..

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ശകുന്തള ഷൺമുഖൻ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ കെ.കെ ഹനീഫ | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി ഉഷ തമ്പി | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീ എം സെയ്ത് | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി ജിൻസി സണ്ണി | 01.04.2016 മുതൽ<br>31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ കെ എം ജോസഫ് | 01.04.2016 മുതൽ<br>27.05.2016 വരെ |
| | ശ്രീമതി കെ കൃഷ്ണകുമാരി | 28.05.2016 മുതൽ<br>04.08.2016 വരെ |
| | ശ്രീ കെ എം ജോസഫ് | 05.08.2016 മുതൽ<br>07.10.2016 വരെ |
| | ശ്രീ ദിനേശൻ പി കെ | 08.10.2016 മുതൽ<br>18.11.2016 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ എ മുഹമ്മദ് അലി | 19.11.207 മുതൽ<br>29.12.2016 വരെ |
| | ശ്രീ കെ ഉണ്ണികൃഷ്ണൻ | 30.12.2016 മുതൽ<br>21.02.2017 വരെ |
| | ശ്രീ ദിനേശൻ പി കെ | 22.02.2017 മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | ഡോ. ആശ വി പി | 01.04.2016 മുതൽ<br>31.03.2017 വരെ |
| സംയോജിത ശിശു വികസന ഓഫീസർ | ശ്രീമതി മായാദേവി എം.ആർ. | 01.04.2016 മുതൽ<br>11.07.2016 വരെ |
| | ശ്രീമതി സരസ്വതി എം | 12.07.2016 മുതൽ<br>23.07.2016 വരെ |
| | ശ്രീമതി രമണി കെ | 25.07.2016 മുതൽ<br>03.02.2017 വരെ |
| | | 04.02.17 മുതൽ<br>01.03.17 വരെ<br>തസ്തിക ഒഴിഞ്ഞു കിടക്കുന്നു. |
| | ശ്രീമതി ശാന്തകുമാരി | 02.03.2017 മുതൽ<br>31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ഡെയ്സ് മോൻ ജി എസ് | 01.04.2016 മുതൽ<br>07.08.2016 വരെ |
| | ശ്രീമതി ശോഭന കെ.ഡി | 08.08.2016 മുതൽ<br>17.08.2016 വരെ |
| | ശ്രീ ബാബുരാജ് എം | 18.08.2016 മുതൽ<br>13.10.2016 വരെ |
| | ശ്രീ സിബി എ ജി | 14.10.2016 മുതൽ<br>31.03.2017 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | പി കലാവതി | 01.04.2016 മുതൽ<br>01.07.2016 വരെ |
| | ശ്രീ അയ്യപ്പൻ എം | 02.07.2016 മുതൽ<br>30.09.2016 വരെ |
| | ശ്രീ സുബിൻ എ | 30.09.2016 മുതൽ<br>05.03.2017 വരെ |
| | ശ്രീമതി ഗിരിജ | 06.03.2017 മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി സുലോചന വി.ടി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ റോയ് ഐസക്ക് | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ/ വെറ്ററിനറി സർജ്ജൻ | ശ്രീ സെബിൻ പി എഫ് | 01.04.2016 മുതൽ 24.07.2016 വരെ |
| | ശ്രീമതി ഹർഷ വി എസ് | 25.07.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 9 | വാർഷിക കണക്കുകളിലെ ന്യൂനതകൾ | 2-1 |
| 10 | രശീതു ബുക്കുകൾ, ടെണ്ടർ ഫോറം എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-2 |
| 11 | ഹാഡ പദ്ധതി - രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത തുക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല | 2-3 |
| | ഭാഗം 3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും - രേഖകളിലെ അപാകതകൾ/ അധിക ചെലവ് | 3-1 |

| | | |
|---|---|---|
| 13 | വിവിധ പദ്ധതികളിലെ ചെലവുകൾ- വിശദവിവരങ്ങൾ ഇല്ല. | 3-2 |
| 14 | കേരളോത്സവം 2016-ചെലവ് രേഖകൾ ലഭ്യമല്ല | 3-3 |
| 15 | ലോഗ് ബുക്ക് സൂക്ഷിപ്പിലെയും , ഇന്ധന വില അനുവദിച്ചതിലെയും അപാകതകൾ | 3-4 |
| 16 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക അധികം നൽകി | 3-5 |
| 17 | ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. | 3-6 |
| 18 | കാർഷികോപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല - 3031283രൂപ തടസ്സം | 3-7 |
| 19 | വനിതാ ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 20 | ഹാഡ പദ്ധതി - 17,56,230 രൂപ തിരിച്ചടച്ചില്ല | 3-9 |
| 21 | വെള്ളക്കരം - പിഴ തുക ഒടുക്കിയത് 43,664/- രൂപ നിരാകരിക്കുന്നു. | 3-10 |
| 22 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 3-11 |
| 23 | വൈത്തിരി താലൂക്ക് ആശുപത്രി ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. | 3-12 |
| 24 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങി നൽകൽ - ഉപയോഗ വിവരം ലഭ്യമല്ല. | 3-13 |
| 25 | വയോജനങ്ങൾക്ക് ശ്രവണ സഹായി വാങ്ങി നൽകൽ - മാർഗ്ഗരേഖാ ലംഘനം. | 3-14 |
| 26 | സെക്കന്ററി പാലിയേറ്റീവ് കെയർ - മാർഗ്ഗരേഖ പ്രകാരമല്ലാതെ ചെലവുകൾ നടത്തി | 3-15 |
| 27 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി - നിയമ വ്യവസ്ഥകൾ പാലിച്ചിട്ടുമില്ല . | 3-16 |
| 28 | നിയമ വിരുദ്ധമായി വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ - അറ്റകുറ്റപണികൾ നടത്തി - ഗുണഭോക്തൃസമിതിക്ക് അനർഹമായ തുക അനുവദിച്ചു. | 3-17 |
| 29 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തത് കാരണം ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം. | 3-18 |
| 30 | ചൂരൽമല മുണ്ടക്കൈ റോഡ് ഡ്രൈനേജ് പ്രവൃത്തി - നിയമ വ്യവസ്ഥകൾ പാലിക്കാതെ നടപ്പിലാക്കി. | 3-19 |

| ഭാഗം 4 | | |
|---|---|---|
| 31 | . സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | അനുബന്ധം ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016ലെ 01/15-16-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 19.08.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10,50,33,519രൂപ |
| വരവ് | 15,46,83,844 രൂപ |

| | |
|---|---|
| ആകെ | 25,97,17,363രൂപ |
| ചെലവ് | 14,71,05,837രൂപ |
| നീക്കിയിരിപ്പ് | 11,26,11,526രൂപ |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 57934823 | 57934823 | 18036401 | 39482168 | 31.13 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14130993 | 14130993 | 3147021 | 10983972 | 22.27 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 29830276 | 29830276 | 20311961 | 9518315 | 68.09 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 10832538 | 10832538 | 4465295 | 6367243 | 41.22 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 15298816 | 18019720 | 24533011 | 12480900 | 12052111 | 50.87 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 101896092 | 38 | 41298795 | 10 | 104 | 25% |

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1) ബ്ലോക്ക്പഞ്ചായത്തിൽ രശീതി ബുക്കുകളുടെയും സാംഖ്യ സ്റ്റേഷനറികളുടെയും കണക്കുകൾ തൃപ്തികരമായ വിധം സൂക്ഷിക്കുന്നില്ല. രശീതി പ്രകാരമുള്ള പണം പിരിവ് അവയുടെ ഒടുക്ക് എന്നിവ കൃത്യമായി പരിശോധിക്കുന്നില്ല. പഞ്ചായത്തിൽ പണം സ്വീകരിക്കുന്നതിന് ഉപയോഗിക്കുന്ന രസീതികളുടെ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇ എം എസ് ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

2)ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി യു.പി.എസ്. കമ്പ്യൂട്ടറുകൾ,ലാപ് ടോപ്പുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. അവയുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനങ്ങൾക്കും ഓരോ പേജ് എന്ന ക്രമത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ തൻവർഷം

വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണിക്കുന്ന സാധനങ്ങൾ തൻവർഷം വാങ്ങിയത് തന്നെയാണോ എന്ന് തിട്ടപ്പെടുത്താനാകുന്നില്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ക്രമനമ്പർ നൽകി, വിലവാങ്ങിയ തീയതി, ഇൻവോയിസ് നമ്പർ, വിതരണവിവരം എന്നിവ ചേർക്കുന്നില്ല. ഒരേയിനം സാധനങ്ങൾ എത്രയെണ്ണം ഓഫീസിലുണ്ട് എന്ന് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വ്യക്തമല്ല. ആയവ വിതരണം ചെയ്തതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 2015-16 സാമ്പത്തികവർഷം ബ്ലോക്ക്പഞ്ചായത്ത് ആർജ്ജിച്ച/സമാഹരിച്ച/വാങ്ങിയ പല ആസ്തികളുടെയും വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2012 | 2009-10 | 18.02.2012 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2016 | 01.10.2011 മുതൽ 31.05.2016 വരെ | 08.06.2016 | നിഷ്ക്രിയാസ്തികൾ സംബന്ധിച്ച് |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ ന്യൂനതകൾ

ബ്ലോക്ക്പഞ്ചായത്ത് സമർപ്പിച്ച 2016-17വർഷത്തെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകങ്ങൾ വന്നു.

1)ഫിക്സഡ് അസറ്റ്സ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ റോഡുകൾ ഉൾപ്പെടുന്നില്ല, എന്നാൽ ബാലൻസ് ഷീറ്റിൽ ഫിക്സഡ് അസറ്റ്സിൽ റോഡ് ഉൾപ്പെട്ടിട്ടുണ്ട്.

2) ഡെപ്പോസിറ്റ് രജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള ബാങ്ക് അക്കൗണ്ടുകളിൽ (സാംഖ്യയിൽ ഉൾപ്പെടുത്താത്ത അക്കൗണ്ടുകളിലെ തുക) നീക്കിയിരിപ്പായുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൗണ്ട് നമ്പർ | 31.03.2017- ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | അസി. എക്സി. എഞ്ചിനീയർ | 03554989433 (സെൻട്രൽ ബാങ്ക്) | 771 |
| 2 | താലൂക്ക് ആശുപത്രി സൂപ്രണ്ട് | 034992564680 (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ) | 682422 |

4) ബാലൻസ് ഷീറ്റിൽ ബി - 17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള TSC, EMS Housing, SPORTS തുടങ്ങിയ അക്കൗണ്ടുകൾ പ്രകാരം ഉള്ള ആസ്തിക്ക് തുല്യമായ തുക ബി - 5 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയതായി കാണുന്നില്ല. . ബി - 17 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള അക്കൌണ്ടുകളുടെ കൃത്യമായ

വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ അതിന് തുല്യമായ തുക ബി - 5 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5) ഫ്ലഡ് റിലീഫ് ഫണ്ട് വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം 5301878/- രൂപ ഈ ഇനത്തിൽ പിൻവലിച്ചിട്ടുണ്ട്.

6) സാംഖ്യ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എ.സി.ആർ. പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല (രജിസ്റ്ററിൽ രേഖപ്പെടുത്തിയ എ.സി.ആർ. ഹാജരാക്കിയിട്ടുണ്ട് ).

7) പ്രോജക്റ്റ് നം. എസ്.0087/17 പ്രകാരം പിൻവലിച്ച 97,500/- രൂപയുടെ ചെലവ്, ചെലവ് സ്റ്റേറ്റ്മെന്റിലും എ.സി.ആർ. - ലും രേഖപ്പെടുത്തിയിട്ടില്ല.

8)ക്യാഷ് ബുക്ക് പ്രകാരം 31.03.2017- ൽ 77339/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

9) PNB 123512 അക്കൗണ്ടിന്റെ 16.03.2017 വരെയുള്ള ബാങ്ക് ബുക്കും പാസ്ബുക്കും ആണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

10) IAY - 7154 - ന്റെ ബാലൻസ് ഷീറ്റിൽ ബി - 17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് ബുക്ക് പ്രകാരം 31.10.2016 -ൽ ഈ അക്കൗണ്ടിൽ (-)5000/- ആണ് നീക്കിയിരിപ്പ്.

11) MISCELLANEOUS 8430 അക്കൗണ്ടിന്റെ റിക്കൺസിലിയേഷനിൽ 8,000/-രൂപ അൺക്രഡിറ്റഡ് എമൗണ്ട് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

12) Treasury TSB A/C ന്റെ വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പ് 24,12,057/-രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 24,22,861/- രൂപയാണ്.

13) State Bank Of India, EMS HOUSING WDCB KALPETTA 0016 എന്നീ അക്കൗണ്ടുകളുടെ ബാങ്ക് പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല.

14) ബാലൻസ് ഷീറ്റിൽ secured loans ആയി 5545/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

15) സ്റ്റെയിൽ ചെക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

16) ബഡ്ജറ്റ് ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

21.11.2017-ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/2016-17) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 രശീതു ബുക്കുകൾ, ടെണ്ടർ ഫോറം എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

രേഖകൾ തൃപ്തികരമായി സൂക്ഷിക്കാത്തതിനാലും, ഓഡിറ്റിന് ഹാജരാക്കാത്തതിനാലും ബ്ലോക്ക്പഞ്ചായത്തിന്റെ രശീതുപയോഗിച്ചുള്ള പണം പിരിവ് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1) രശീതുപയോഗിച്ചുള്ള പണം പിരിവ്

സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലഭിച്ച രശീത് ബുക്കുകളുടെയും, സാംഖ്യ രശീതികളുടെയും കണക്കുകൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഏത് സീരിയൽ നമ്പർ മുതൽ ഏത് സീരിയൽ നമ്പർ വരെയുള്ള ബുക്കുകളാണ് ലഭിച്ചത് എന്ന് വ്യക്തമാകുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ രശീതികൾ, ചട്ടയുള്ള 1252 മുതൽ 1300 വരെ നമ്പരുകളുള്ള ബുക്കുകളാണ്. (1291 മുതൽ 1295 വരെയുള്ള 5 എണ്ണം ഒഴികെ). ഇവ ഒരു തവണ ലഭിച്ചതാണോ അതോ വ്യത്യസ്ഥ സന്ദർഭങ്ങളിൽ ലഭിച്ചവയാണോ എന്ന് വ്യക്തമല്ല. 1291 മുതൽ

1295 വരെയുള്ള 5 ബുക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. സാംഖ്യ രശീത് സ്റ്റേഷനറി ലഭിച്ചതും സ്റ്റോക്കിൽ എടുത്തിരുന്നില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് എ.ഡി.സി. ജനറൽ മുഖേന 2.5.16 ന് ലഭിച്ച 9000- സ്റ്റേഷനറി കളുടെ വിവരം ഓഡിറ്റിന് ഹാജരാക്കി (സ്റ്റേഷനറി നം. 3420001 മുതൽ 3429000 വരെ) എന്നാൽ ഇതിൽ സ്റ്റേഷനറി നം.3420001 മുതൽ 3420007 വരെയുള്ള 7 സ്റ്റേഷനറികൾ ബ്ലാക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഇവ ഉപയോഗയോഗ്യമല്ലാത്തവിധം മുകൾ ഭാഗം നനഞ്ഞ് ജീർണ്ണിച്ചാണ് ലഭിച്ചത് എന്നാണ് സെക്രട്ടറി ഓഡിറ്റിൽ മറുപടി നല്കിയത്. എന്നാൽ ഈ സ്റ്റേഷനറി ബ്ലാക്ക്പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ (സ്റ്റേഷനറി കൈപ്പറ്റിയ സമയത്തെ) സെക്രട്ടറി എന്തെങ്കിലും നടപടി സ്വീകരിച്ചതായും കാണുന്നില്ല. ഇക്കാര്യം എ.ഡി.സി. ജനറലിനെ അറിയിച്ചതായും കാണുന്നില്ല. സ്റ്റേഷനറിയും രശീത് ബുക്കുകളും ദുരുപയോഗം ചെയ്യുട്ടില്ല എന്നും, പണം പിരിവ് തുകകൾ യഥാവിധം പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി എന്നുറപ്പാക്കുന്നതിനുമായി ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിന് ശുപാർശ ചെയ്യുന്നു.

2) ടെണ്ടർ ഫോറം കണക്കുകൾ സൂക്ഷിക്കുന്നില്ല.

ടെണ്ടർ ഫോറം ലഭിച്ചതിന്റെയും വിതരണം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ എത്ര ടെണ്ടർ ഫോമുകൾ ലഭിച്ചുവെന്നോ അവ വിതരണം നടത്തിയതിന്റെ വിവരങ്ങളോ കൃത്യമായി ലഭ്യമല്ല. രേഖകൾ പൂർത്തീകരിച്ച് ഓഡിറ്റിൽ ലഭ്യമാക്കണം.

3) കൃഷി അസി. ഡയറക്ടർ രസീതി ബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ.

പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ (2011 ലെ കേ .പ .ര. (അക്കൗണ്ട്സ് ) ചട്ടങ്ങൾ ) 1.4.2011 നിലവിൽ വന്നു . വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 1247 , 1252 എന്നീ രസീതി ബുക്കുകൾ 2014-15, 2015-16,2016-17 വർഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ (ചട്ടം 83) സൂക്ഷിക്കാത്തതിനാൽ എന്നാണ് രസീതി ബുക്കുകൾ നിർവഹണ ഉദ്യോഗസ്ഥന് നൽകിയതെന്ന് വ്യക്തമല്ല. ഇവയുടെ ഉപയോഗത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) രസീതി ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല .( ചട്ടം 83 )

2) രസീതി ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

3)ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല . (ചട്ടം 20 )

4)കളക്ഷൻ തുക ബ്ലാക്ക്പഞ്ചായത്തിൽ അടവാക്കാതെ നേരിട്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നു .

5)രസീതികളിൽ സെക്രട്ടറിയോ , ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനോ, ചുമതലപ്പെട്ട ക്ലർക്കോ ഒപ്പ് വെക്കുന്നില്ല.

6) രസീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. (1247/28 മുതൽ 1247/70 വരെ)

7) പണം അടച്ച വ്യക്തിക്ക് രസീതികളുടെ ഡ്യൂപ്ലിക്കേറ്റിന് പകരം അസ്സൽ രസീതി നൽകി . (1247/41 മുതൽ 1247/46 വരെ) (ചട്ടം 20)

ചട്ടവിരുദ്ധമായി രസീതികൾ ഉപയോഗിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/16-17/17.11.2017) മറുപടി ലഭ്യമാക്കിയിട്ടില്ല .

## **2-3** ഹാഡ പദ്ധതി - രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത തുക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ഹാഡ പദ്ധതിയിൽ ടിഷ്യൂ കൾച്ചർ വാഴതൈകളുടെ 50% ഗുണഭോക്തൃ വിഹിതം അഗ്രോ ക്ലിനിക്ക് കൺവീനർമാർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വാശ്രയ സംഘങ്ങൾ, ജെ.എൽ.ജി.കൾ എന്നിവരിൽ

പിരിക്കുന്നതിന് 1247 -ാം നമ്പർ രസീതി ബുക്ക് ഉപയോഗിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ (ജി.ഒ. (എം.എസ്.)83/11 ത.സ്വ.ഭ.വ. തീയതി 28.03.2011) (2011 ലെ കേ .പ .ര (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83)സൂക്ഷിക്കാത്തതിനാൽ എന്നാണ് രസീതി ബുക്ക് നിർവഹണ ഉദ്യോഗസ്ഥന് നൽകിയതെന്ന് വ്യക്തമല്ല. രസീതി ബുക്കിലെ 1247/28 മുതൽ 1247/70 വരെയുള്ള രസീതികൾ ഉപയോഗിച്ച് 2,33,170/- രൂപ പിരിച്ചിട്ടുണ്ട്. രസീതികളിൽ സെക്രട്ടറിയോ, ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനോ, ചുമതലപ്പെട്ട ക്ലർക്കോ ഒപ്പ് വെച്ചിട്ടില്ല. രസീതികളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ ഏതൊക്കെ ദിവസങ്ങളിലാണ് ഈ രസീതികൾ പിരിവിന് ഉപയോഗിച്ചതെന്ന് വ്യക്തമല്ല. (1247/27നമ്പർ രസീത് നല്കിയത് 27.3.2015 നം 1247/71 നംപർ രസീത് നല്കിയത് 10.3.2017 നമാണ്). തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത തുക അതാത് ദിവസങ്ങളിൽ തന്നെ അടവാക്കിയോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല .

2,33,170/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ (തിയ്യതി, തുക, അക്കൗണ്ട്) ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/16-17/17.11.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## ഭാഗം-3

## <u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>പദ്ധതി രൂപീകരണവും മോണിറ്ററിംഗും-രേഖകളിലെ അപാകതകൾ/അധിക ചെലവവ്</u>

| | |
|---|---|
| പ്രോജക്ട് നം. | 61/17 പദ്ധതി രൂപീകരണവും മോണിറ്ററിംഗും |
| അടങ്കൽ | 150000/- രൂപ |
| ട്രഷറി ബിൽ നം. | 42/31.3.17 150000/-രൂപ. |

യാത്രാച്ചെലവ്, സ്റ്റേഷനറി, ഭക്ഷണം തുടങ്ങിയ വിവധയിനങ്ങൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഫയലിൽ ചെലവുകൾക്കാധാരമായ രേഖകൾ തൃപ്തികരമായവിധം സൂക്ഷിച്ചിട്ടില്ല. രേഖകൾ ശരിയായവിധം പരിശോധിക്കാതെ തുക നല്കിയതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

<u>1)യാത്രാച്ചെലവുകൾ</u>

വിവിധ യാത്രകൾക്കായി വാഹനം വാടകയ്ക്ക് വിളിച്ചതുമായി ബന്ധപ്പെട്ട രേഖകൾ തൃപ്തികരമായവിധം സൂക്ഷിച്ചിട്ടില്ല.

- നമ്പറില്ലാത്ത ട്രിപ്പ് ഷീറ്റുകളാണ് ഫയലിൽ ഉള്ളത്. (ഒരു ട്രിപ്പ് ഷീറ്റിലും നമ്പറില്ല.)
- യാത്രചെയ്തത് ആരൊക്കെയാണെന്ന് ട്രിപ്പ് ഷീറ്റിലോ ഫയലിലോ വ്യക്തമായി രേഖപ്പെടുത്തുന്നില്ല.
- യാത്രചെയ്തത് ആരൊക്കെയാണെന്ന് ട്രിപ്പ് ഷീറ്റിലോ ഫയലിലോ വ്യക്തമായി രേഖപ്പെടുത്തുന്നില്ല.
- പഞ്ചായത്തിന്റെ വാഹനം ലഭ്യമാകുന്ന സന്ദർഭങ്ങളിലും വാഹനം വാടകയ്ക്ക് എടുക്കുന്നു.
- യാത്ര എന്താവശ്യത്തിനാണെന്ന് വ്യക്തമായി രേഖപ്പെടുത്തുന്നില്ല- എസ്റ്റിമേറ്റ് തയ്യാറാക്കൽ/നിർവ്വഹണ സ്റ്റേജ് പരിശോധിക്കുക/ മോണിറ്ററിംഗ്.
- വാഹന വാടക നല്കിയപ്പോൾ അധിക നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി)നം. 74/ 2014/ട്രാൻസ്/17.10.2014 പ്രകാരം കിലോമീറ്ററിന് 15/ രൂപയാണ് നിരക്ക്. എന്നാൽ 27/30 രൂപ എന്നിങ്ങനെ നിരവധി തവണ അധിക നിരക്കിൽ തുക നല്കിയിട്ടുണ്ട്. അതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്.

എ) അധിക നിരക്കിൽ തുക അനുവദിച്ചതിനാലുള്ള അധികച്ചെലവ്

| ക്രമ നം. | വാഹന നം. | യാത്രാ തിയ്യതി/ സമയം | ആകെ ദൂരം കി.മീ. | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക/ | അധികം നല്കിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | @15/കി.മീ. | നിരക്ക് | |
| 01 | KL -12- J-2058 | 17.8.16<br>10am-6pm | 168 | 2445+150=2595 | @27 =<br>4536 | 1941 |
| 02 | KL -12- J-2058 | 18.8.16<br>10am-5.30pm | 146 | 2115+150=2265 | @27 =<br>3942 | 1677 |
| 03 | KL -12- J-2058 | തിയ്യതി ഇല്ല<br>11 am | 158 | 2295+150 = 2445 | @27 =<br>4266 | 1821 |
| 04 | KL-12-A -2765 | 20.1.17<br>10 am | 82 | 1155+150 =1305 | @27 =<br>2214 | 909 |
| 05 | KL-12-A -2765 | 24.1.17<br>11 am | 95 | 1350+ 150 =1500 | @27 =<br>2565 | 1065 |
| 06 | KL-12-A -2765 | 5.2.17<br>10.30 am | 88 | 1245+ 150 =1395 | @27 =<br>2376 | 981 |
| 07 | KL-12-A -2765 | 18.2.17<br>10.30 am | 96 | 1365+ 150 =1515 | @27 =<br>2697 | 1182 |
| 08 | KL-12-A -2765 | 27.2.17<br>10 A.M. | 105 | 1500+ 150 =1650 | @27 =<br>2835 | 1185 |
| 09 | KL-12-A -2765 | 3.3.17<br>11 A.M. | 88 | 1245+150 =1395 | @27 =<br>2376 | 981 |
| 10 | KL-12-A -2765 | 6.3.17<br>11 A.M. | 98 | 1395+150 =1545 | @27 =<br>2646 | 1101 |
| 11 | KL-12-A -2765 | 18.3.17<br>10.30 am | 85 | 1200+150 =1350 | @27 =<br>2295 | 945 |
| 12 | KL-12-H -5280 | 1.1.17<br>10 am | 95 | 1350+150 =1500 | @27 =<br>2565 | 1065 |
| 13 | KL-12-H -5280 | 3.2.17<br>10 am | 120 | 1725+150 =1875 | @27 =<br>3240 | 1365 |

| | | | | | | |
|---|---|---|---|---|---|---|
| 14 | KL-12-H -5280 | 4.2.17 | 70 | 975+150 =1125 | @27 = 1890 | 765 |
| 15 | KL-12-H -5280 | 23.2.17<br>സമയം ഇല്ല | 80 | 1125+150 =1275 | @27 = 2160 | 885 |
| 16 | KL-12-H -5280 | 12.3.17 | 85 | 1200+150 =1350 | @27 = 2295 | 945 |
| 17 | KL-12-H -5280 | 20.3.17<br>10 am | 115 | 1650+150 =1800 | @27 = 3105 | 1305 |
| 18 | KL-12-H -5280 | 1.7.17<br>10 am | 92 | 1305+150 =1455 | @27 =2484 | 1029 |
| ആകെ | | | | 29340 | 50487 | 21147 |
| | ഉപഖണ്ഡിക(ബി)യിൽ ഉൾപ്പെടുത്തിയത് ഒഴികെയുള്ള തുക(മേൽ ക്രമ നം.4,6,7,8,11,14, 15, 16,18 എന്നിവ ഒഴികെയുള്ളവ.) | | | | | 12321 |

കുറിപ്പ് – കോളം 5ൽ അനുവദനീയമായ തുക കണക്കാക്കിയിട്ടുള്ളത്, ആദ്യത്തെ 5 കിലോമീറ്ററിന് 150/- രൂപയും ബാക്കി ദൂരത്തിന് കിലോമീറ്ററിന് 15 രൂപ നിരക്കിൽ കൂട്ടിയുമാണ്. മേൽ ക്രമ നം 18 ൽ പരാമർശിക്കുന്ന യാത്രചെയ്തത് 1.7.17 – നാണെന്നാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്, എന്നാൽ തുക ട്രഷറിയിൽ നിന്നും പിൻവലിച്ചത് 31.3.17 നാണ്.

മേൽ ക്രമ നം. 7 ൽ 36 x 27= 2592 രൂപയ്ക്ക് പകരം 2697/- രൂപയാണ് യഥാർത്ഥത്തിൽ അനുവദിച്ചത്.

അപാകതകൾ ചൂണ്ടിക്കാണിച്ചും വിശദ വിവരങ്ങളും വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ടും നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/16-17/20.11.2017) മറുപടിയൊന്നും നല്കിയിട്ടില്ല. അധികനിരക്കിൽ അനുവദിച്ച തുക 12,321/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

ബി) പഞ്ചായത്തിന്റെ വാഹനം ലഭ്യമാകുന്ന സന്ദർഭങ്ങളിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിനാൽ അധികച്ചെലവ്

വണ്ടി വാടകക്ക് എടുത്തതിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാഹന നം. | യാത്രാ തിയ്യതി/സമയം | ആകെ ദൂരം കി.മീ. | അനുവദിച്ച തുക/നിരക്ക് |
|---|---|---|---|---|
| 01 | KL-12-A -2765 | 20.1.17 10 am | 82 | @27 = 2214 |
| 02 | KL-12-A -2765 | 5.2.17 10.30 am | 88 | @27 = 2376 |
| 03 | KL-12-A -2765 | 18.2.17 10.30 am | 96 | @27 = 2697 |
| 04 | KL-12-A -2765 | 27.2.17 10 A.M. | 105 | @27 = 2835 |
| 05 | KL-12-A -2765 | 18.3.17 10.30 am | 85 | @27 = 2295 |
| 06 | KL-12-H -5280 | 4.2.17 10am – 4pm | 70 | @27 = 1890 |

| | | | | |
|---|---|---|---|---|
| 07 | KL-12-H -5280 | 23.2.17 സമയം ഇല്ല | 80 | @27 = 2160 |
| 08 | KL-12-H -5280 | 12.3.17 | 85 | @27 = 2295 |
| 09 | KL-12-H -5280 | 1.7.17 10 am | 92 | @27 = 2484 |
| ആകെ | | | | 21246 |

അപാകതകൾ ചൂണ്ടിക്കാണിച്ചും വിശദവിവരങ്ങളും വിശദീകരണവും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/16-17/20.11.2017) മറുപടിയൊന്നും നല്കിയിട്ടില്ല. അധികനിരക്കിൽ അനുവദിച്ച തുക 21,246/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

<u>2)ബില്ലിൽ തിരുത്തലുകൾ വരുത്തി അധിക തുക പിൻവലിച്ചു.</u>

കൽപ്പറ്റയിലെ സൗത്ത് മലബാർ പേപ്പർ ആന്റ് ബോർഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും 3.3.17 ന് ബിൽ നം. 3426 പ്രകാരം 10 പാക്കറ്റ് എ4 പേപ്പർ വാങ്ങിയത് തിരുത്തൽ വരുത്തി 54 പാക്കറ്റ് എന്നാക്കി 8,000/- രൂപ കൂടുതൽ കൈപ്പറ്റിയിട്ടുണ്ട്. (സ്റ്റോക്കിൽ എടുത്തത് ബില്ലിൽ ആദ്യം രേഖപ്പെടുത്തിയിരുന്ന 10 പാക്കറ്റാണ്.) മതിയായ പരിശോധന കൂടാതെ ഇപ്രകാരം പണം പിൻവലിക്കുന്നത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അധികം പിൻവലിച്ച 8,000/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

3)ഡാറ്റ എൻട്രി ഓപ്പറേറ്ററുടെ ദിവസ വേതനം - രണ്ട് തവണ പിൻവലിച്ചു.

മേൽ പ്രകാരം ട്രഷറി ബിൽ നം.42/31.3.17 മുഖേന പിൻവലിച്ച ,150,000/-രൂപയിൽ ഡാറ്റ എൻട്രി ഓപ്പറേറ്ററുടെ വേതനമായി നല്കിയ താഴെപ്പറയുന്ന തുകകൾ കൂടെ ഉൾപ്പെട്ടതാണ്.

| ക്രമ നം. | തുക നല്കിയ തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 30.1.2017 | 14850 | ഏത് മാസത്തെ/കാലയളവിലെ തുകയാണെന്ന്, ക്ലെയിം സംബന്ധിച്ച് ഫയലിലുള്ള ഏക രേഖയായ, കൈപ്പറ്റ് ചീട്ടിൽ വ്യക്തമല്ല. 01/17 ലെ വേതനം 15,525/- രൂപ വൗച്ചർ നം. 432(എ)16-17/ 03.2.17 പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നല്കിയിട്ടുണ്ട്. |
| 2 | 28.2.2017 | 15525 | ഏത് മാസത്തെ/കാലയളവിലെ തുകയാണെന്ന്, ക്ലെയിം സംബന്ധിച്ച് ഫയലിലുള്ള ഏക രേഖയായ, കൈപ്പറ്റ് ചീട്ടിൽ വ്യക്തമല്ല. 02/17 ലെ വേതനം 14,850/- രൂപ വൗച്ചർ നം. 462/16-17/ 6.3.17 പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നല്കിയിട്ടുണ്ട്. |
| 3 | 30.3.2017 | 14175 | ഏത് മാസത്തെ/കാലയളവിലെ തുകയാണെന്ന്, ക്ലെയിം സംബന്ധിച്ച് ഫയലിലുള്ള ഏക രേഖയായ ,കൈപ്പറ്റ് ചീട്ടിൽ വ്യക്തമല്ല. 03/17 ലെ വേതനം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നല്കിയിട്ടുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ തിട്ടപ്പെടുത്താൻ കഴിയുന്നില്ല. ഇക്കാര്യ ത്തിൽ വിശദപരിശോധന നടത്തി അപാകതകളില്ല എന്നുറപ്പാക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. |

അപാകതകൾ ചൂണ്ടിക്കാണിച്ചും വിശദവിവരങ്ങളും വിശദീകരണവും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/16-17/20.11.2017) മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ക്രമ നം

1,2എന്നിവ പ്രകാരമുള്ള തുകകൾ (14850+15525=) 30,375/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. മേൽ ക്രമ നം.3 ൽ പരാമർശിക്കുന്ന 14,175/- രൂപഓഡിറ്റിൽ തടസ്സത്തിൽ വെക്കുകയും ചെയ്യുന്നു.

4) രേഖകൾ തൃപ്തികരമായി സൂക്ഷിക്കുന്നില്ല.

ഭക്ഷണം നൽകിയതിനായുള്ള ചെലവുകളുടെ ബില്ലിൽ ഏതാവശ്യത്തിന് ഏത് തിയ്യതിലെ ചെലവ് എന്ന് രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ചെലവഴിച്ച തുകകളുടെ ആധികാരികത ഓഡിറ്റിൽ തിട്ടപ്പെടുത്താൻ മിക്കപ്പോഴും കഴിയുന്നില്ല. ഇത്തരം ചെലവുകൾ ഔചിത്യപൂർവ്വം നടത്താനും, തൃപ്തികരമായവിധം രേഖകൾ സൂക്ഷിക്കാനും ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വിവിധ പദ്ധതികളിലെ ചെലവുകൾ- വിശദവിവരങ്ങൾ ഇല്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ, ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഫയലുകളിൽ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ഇല്ല. ട്രഷറിബിൽബുക്ക് പ്രകാരം തുക പിൻവലിച്ചതിന്റെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | ട്രഷറിബിൽബുക്ക് ക്രമ നം./തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 01 | 31/14.3.17 | 10,24,000 | പി.എം.എ.വൈ- എസ്.സി.പി. |
| 02 | 30/14.3.17 | 22,08,000 | പി.എം.എ.വൈ- ജനറൽ |
| 03 | 30/14.3.17 | 77,36,000 | പി.എം.എ.വൈ- പട്ടിക വർഗ്ഗം |
| 04 | 28/10.3.17 | 72,00,000 | ഐ.എ.വൈ.-പട്ടിക വർഗ്ഗം |
| 05 | 29/10.3.17 | 15,60,000 | ഐ.എ.വൈ.-എസ്.സി.പി. |
| 06 | 39/31.3.17 | 21,74,724 | ഐ.എ.വൈ.-പട്ടിക വർഗ്ഗം |
| 07 | 40/31.3.17 | 25,05,276 | ഐ.എ.വൈ.-പട്ടിക വർഗ്ഗം |
| 08 | 33/15.3.17 | 8,14,299 | മാലിന്യപ്ലാന്റ് സ്ഥലം മൂപ്പൈനാട് |
| 09 | 34/31.3.17 | 2,00,020 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം - ജില്ലാ പഞ്ചായത്തിന് നൽകിയ തുക |
| 10 | 41/31.3.17 | 25,00,000 | സംയുക്ത WSS മേപ്പാടി പഞ്ചായത്തിന് നൽകിയ തുക |
| 11 | 36/31.3.17 | 4,50,000 | ക്ഷീരകർഷക ബോണസ്സ്- പഞ്ചായത്തുകൾക്ക് വിഹിതം |
| 12 | 37/31.3.17 | 10,00,000 | ക്ഷീരകർഷക ബോണസ്സ്- പഞ്ചായത്തുകൾക്ക് വിഹിതം |
| 13 | 38/31.3.17 | 1,60,000 | ക്ഷീരകർഷക ബോണസ്സ്- പഞ്ചായത്തുകൾക്ക് വിഹിതം |
| ആകെ | | 2,95,32,319 | |

മേൽ ചെലവുകൾക്കാധാരമായ ഫയലുകളിൽ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പി.എം.എ.വൈ., ഐ.എ.വൈ. പദ്ധതികളിൽ എത്ര ഗുണഭോക്താക്കൾ കരാർ വെച്ചു, എത്ര പേർ വീട്ടുപണി പൂർത്തീകരിച്ചു, മേൽ തുകകളിൽ എത്ര തുക ചെലവഴിച്ചു, എത്ര തുക ബാക്കിയുണ്ട് തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമല്ല. വിവധ പഞ്ചായത്തുകളിൽ നിന്നും എത്ര തുക വിഹിതമായി ലഭിച്ചു,എത്ര ഗുണഭോക്താക്കളുണ്ട്, ഓരോ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ എത്ര തുക വിനിയോഗിക്കാനവശേഷിക്കുന്നു തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കാനായിട്ടില്ല.

ക്ഷീരകർഷക ബോണസ്സ്- പഞ്ചായത്തുകൾക്ക് വിഹിതം നല്കിയ തുകകൾ പഞ്ചായത്തിൽ കൈപ്പറ്റിയ

രേഖകളോ, തുക വിനിയോഗിച്ചതിന്റെ വിവരങ്ങളോ ഫയലിൽ ഇല്ല. മൂപ്പൈനാട്, മേപ്പാടി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കിയ സംഗതികളിൽ തുക കൈപ്പറ്റിയ രേഖകളോ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിനിയോഗിച്ചതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് ആരംഭിച്ച സമയം മുതൽ മേൽ രേഖകൾ ആവശ്യപ്പെട്ടിട്ടും രേഖകൾ പൂർത്തീകരിക്കുകയോ ഓഡിറ്റിനായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഇല്ലാത്തതിനാൽ ചെലവഴിച്ച തുകകളുടെ ആധികാരികത ഓഡിറ്റിൽ തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/16-17/20.11.2017) മറുപടിയും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രകാരം പിൻവലിച്ച തുക 2,95,32,319/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-3) കേരളോത്സവം 2016-ചെലവ് രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 69/17 പദ്ധതി രൂപീകരണവും മോണിറ്ററിംഗും |
| അടങ്കൽ | 1 ലക്ഷം |
| ട്രഷറി ബിൽ ബുക്ക് നം. | 21/16-17/ തീയതി .16/02/2017 |

മേൽ ബിൽ പ്രകാരം 1 ലക്ഷം രൂപ 2016 കേരളോത്സവ ചെലവിലേക്കായി പിൻവലിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ 1 ലക്ഷം രൂപയുടെ ചെലവ് രേഖകളുടെ പകർപ്പുകളാണുള്ളത്. എന്നാൽ ഫയലിലുള്ള, കേരളോത്സവ നടത്തിപ്പിന്റെ ചുമതലയുണ്ടായിരുന്നയാൾ (GEO) നൽകിയ, അപേക്ഷ പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 227944/- രൂപയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫയലിൽ ഉള്ള ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനുട്സിന്റെ പകർപ്പിൽ 2,06,354/- രൂപയാണ് ചെലവ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ തുക നൽകിയതല്ലാതെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകൾ രണ്ടിടത്തും നൽകിയിട്ടില്ല. മാത്രമല്ല 2 ലക്ഷത്തിലധികം ചെലവുണ്ട് എന്ന് പറയുമ്പോഴും മേൽ ബിൽ പ്രകാരമുള്ള 1 ലക്ഷം രൂപയ്ക്ക് പുറമേയുള്ള ചെലവ് തുകയ്ക്കുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ 1 ലക്ഷം രൂപയിൽ അധികരിച്ചുള്ള തുക എങ്ങനെ ലഭിച്ചുവെന്ന് വ്യക്തമല്ല. സംഭാവനയോ, കോൺട്രിബ്യൂഷനോ ആയി തുക ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ലഭിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരങ്ങൾ ഓഡിറ്റിന് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയിട്ടില്ല.

ഓഡിറ്റിന് നൽകിയ കേരളോത്സവത്തിന്റെ വിവിധ കമ്മറ്റി യോഗങ്ങളുടെ മിനുട്സ് ബുക്കിൽ ഫണ്ട് വരവ് ചെലവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ധനപരമായ കാര്യങ്ങളിൽ നൽകിയ അനുമതികളോ തീരുമാനങ്ങളോ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഈ മിനുട്സുകൾ തീരുമാനങ്ങൾ എടുത്ത ശേഷം അദ്ധ്യക്ഷൻ ഒപ്പിട്ട് സാധൂകരിച്ചതായി കാണുന്നില്ല. വിവിധ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനിടയിൽ സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു. മാത്രമല്ല രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തയിടങ്ങൾ ക്യാൻസൽ ചെയ്യുകയും ചെയ്തിട്ടില്ല.

ക്രമപ്രകാരമുള്ളതും പൂർത്തീകരിച്ചതും നിയമപരമായി അംഗീകരിച്ചതുമായ കണക്കുകൾ ഉണ്ടെങ്കിൽ അവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അപാകതകൾ സംബന്ധിച്ച് സമയബന്ധിതമായി വിശദീകരണം നൽകണമെന്നും ഓഡിറ്റ് എൻക്വയറി നം.08/16-17/ 17.11.17 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കുകയോ അപാകതകൾ വിശദീകരിക്കുകയോ ചെയ്തിട്ടില്ല.ഈ സാഹചര്യത്തിൽ, ക്രമപ്രകാരമുള്ളതും പൂർത്തീകരിച്ചതും അംഗീകരിച്ചതുമായ കണക്കുകളുടെ അഭാവത്തിൽ മേൽപ്രകാരമുള്ള ചെലവ് 1 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ലഭ്യമാക്കാത്തപക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിററ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരമുള്ള നിഗമനത്തിൽ തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നതുമാണ്.

## 3-4 ലോഗ് ബുക്ക് സൂക്ഷിപ്പിലെയും, ഇന്ധനവില അനുവദിച്ചതിലെയും അപാകതകൾ

സർക്കാർ വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ 30.6.2007 ലെ ജി.ഒ.(എം.എസ് ) 170/07/തസ്വഭവ ൽ പറഞ്ഞിട്ടുണ്ട്.

A) ബ്ലോക്ക് പഞ്ചായത്തിലെ KL.12.C-4843 -ാം നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

11.8.2016 ൽ ടി വാഹനം അറ്റകുറ്റ പണികൾക്കായി വർക്ക്ഷോപ്പിൽ ആണെന്ന് പേജ് നം 171 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ ഈ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പേജ് നം 171 ലെ ക്ലോസിംഗ് മീറ്റർ റീഡിംഗ് 187995 ആണ്. പേജ് നം 172 മുതൽ 178 വരെ രേഖപ്പെടുത്തലുകൾ ഒന്നും നടത്തിയിട്ടില്ല. പേജ് 179 ൽ ഓപ്പണിംഗ് മീറ്റർ റീഡിംഗ് കാണിച്ചിരിക്കുന്നത് 188271 ആണ്. 276 കീ.മീ ദൂരം വാഹനം ഓടിയതിന്റെ യാതൊരു വിവരവും ലോഗ്ബുക്കിൽ നിന്നും ലഭ്യമല്ല. 8/2016 ലെ ഇന്ധന ഉപയോഗത്തിന്റെ സംക്ഷിപ്തം ലോഗ് ബുക്ക് പേജ് 180 ൽ രേഖപ്പെടുത്തിയതിൽ മേൽ 276 കി.മീ ഉൾപ്പെടെയാണ് ആകെ ഓടിയ ദൂരം കണക്കാക്കിയിട്ടുള്ളതും, ഇന്ധന ഉപയോഗത്തിന്റെയും നീക്കിബാക്കിയുടെയും അളവുകൾ കണക്കാക്കിയതും. (8/2016 ലെ സംക്ഷിപ്തത്തിൽ ഓടിയ ദൂരം കണക്കാക്കിയതിൽ 133 കി. .മീ അധികം വന്നിട്ടുണ്ട്. (7/16 ലെ ക്ലോസിംഗ് ബാലൻസ് 187759 ആണ് (പേജ് 162). 8/2016 ലെ ഓപ്പണിംഗ് ബാലൻസ് ആയി എടുത്തിട്ടുള്ളത് 187626 (പേജ് 180) ആണ്. വാഹനത്തിന്റെ ഇന്ധന ഉപയോഗ നിരക്ക് 10 കി.മീ/ലി ആണ് . ഏതൊക്കെ ദിവസങ്ങളിൽ എന്തൊക്കെ ആവശ്യത്തിനാണ് 276 കീ.മീ ദൂരം വാഹനം ഓടിയതെന്ന് വ്യക്തമാക്കുന്ന രേഖകളില്ലാത്തതിനാൽ ചെലവായ 27.6ലിറ്റർ ഇന്ധനത്തിന്റെ തുക 1568.80 രൂപ ( 27.6X 56.84 = 1568.80) അനുവദനീയമല്ലാത്ത ചെലവിൽപ്പെടുത്തുന്നു.

B )പൊതു അപാകതകൾ

പഞ്ചായത്തിലെ വാഹനത്തിന്റെ സംരക്ഷണം, ലോഗ്ബുക്ക് സൂക്ഷിപ്പ് എന്നിവയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)യാത്രയെ സംബന്ധിച്ചുള്ള വിവരങ്ങൾ പൂർണ്ണമായും ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2)ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3)പല പേജുകളിലും ഒന്നും രേഖപ്പെടുത്തിയിട്ടില്ല (പേജ് 172 മുതൽ178 വരെ).

4)വാഹനത്തിന്റെ 10000 രൂപയ്ക്ക് മുകളിലുള്ള അറ്റകുറ്റ പണികൾക്ക് എസ്റ്റിമേറ്റ് എഞ്ചിനീയർ തയ്യാറേക്കണ്ടതും, ക്വട്ടേഷൻ വിളിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നില്ല .

## 3-5 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക അധികം നൽകി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി ) |
| പ്രോജക്ട് നം/പേര് | SO267/17, കാർഷിക സമിതികൾ/പാടശേഖര സമിതികൾ/ ഗ്രൂപ്പുകൾ എന്നിവയ്ക്ക് കാർഷികോപകരണ വിതരണം |
| അടങ്കൽ | 21,09,356/- (വികസനഫണ്ട്)+703119(ഗ്ര.വി ) |
| ചെലവ് , ബിൽ നം | 1,16,416/-രൂപ, KVP 7/16-17/31.03.2017 |

12 -ാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)4/2016/11.01.2016) അനുബന്ധം 15 ഖ-3 ക്രമ നം. 7പ്രകാരം കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്. ഗ്രൂപ്പുകൾ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ യന്ത്രോപകരണങ്ങൾ നൽകുന്നതിന് മുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ അടവാക്കേണ്ടതുമാണ് .

2016-17 വർഷം നടപ്പാക്കിയ കാർഷിക സമിതികൾ/പാടശേഖര സമിതികൾ/ഗ്രൂപ്പുകൾ എന്നിവയ്ക്ക് കാർഷികോപകരണ വിതരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി KAMCO യിൽ നിന്ന് പവർ ടില്ലർ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം. 12160342/29.3.17, 1,43,735/- രൂപ.

| | |
|---|---|
| നൽകിയ സബ്സിഡി തുക (81%) | 116416 |
| നൽകാവുന്ന സബ്സിഡി തുക (75 % ) | 143735X75 = 107801<br>100 |
| വ്യത്യാസം | 8615 |

8615/- രൂപ സബ്സിഡിയായി അധികം നൽകിയിട്ടുണ്ട് .

സബ്സിഡി അധികം നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം. /16-17/ ) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 8615/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 8615 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

പഞ്ചായത്ത് സെക്രട്ടറിയുടെ STSB-14 അക്കൗണ്ടിൽ 10.3.2017 ൽ 10,01,200/- രൂപ നിക്ഷേപം വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന നടപ്പാക്കിയ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭിച്ച തുകയാണിതെന്ന് സെക്രട്ടറി ഓഡിറ്റ് എൻക്വയറിക്ക് (നം .17/16-17/18.11.2017 ) മറുപടി നല്കിയിട്ടുണ്ട് .

അസിസ്റ്റന്റ് കൃഷി ഡയറക്ടർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച 20.4.2017 ലെ A-24/16 -ാം നമ്പർ കത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 2016-17 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഗുണഭോക്തൃവിഹിതം സെക്രട്ടറിയുടെ ജനറൽ പർപ്പസ് ഫണ്ടിൽ അടവാക്കിയതായും, ടി തുക റെയ്ഡ്കോയ്ക്ക് നൽകുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | പാടശേഖരസമിതിക്ക് കാർഷികോപകരണം ( pro no -77/17 ) | 1,53,510/- |
| 2 | സ്വാശ്രയ സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ ( pro no – 227/17) | 7,77,277/- |
| | ആകെ | 9,30,787/- |

തുക റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്(ചെക്ക് നം. 2276631/ 24.5.2017, വൗച്ചർ നം -34/4/17-18). ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെയും പഞ്ചായത്തിൽ അടവാക്കിയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/16-17/17.11.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 കാർഷികോപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല -3031283/രൂപ തടസ്സം

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് ഡയറക്ടർ(കൃഷി)

12-ാം പദ്ധതി മാർഗ്ഗരേഖ (11.1.2016ലെ ജി.ഒ.(എം.എസ്.)4/2016/തസ്വഭവ)അനുബന്ധം 15 ഖ- 3.1 ക്രമ നം. 7 പ്രകാരം കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 75% സബ്സിഡി നൽകാവുന്നതും ഗ്രൂപ്പുകൾ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ യന്ത്രോപകരണങ്ങൾ നൽകുന്നതിന് മുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ അടവാക്കേണ്ടതുമാണ് .

2016 - 17 വർഷം നടപ്പാക്കിയ സ്വാശ്രയ സംഘങ്ങൾക്ക് കാർഷികോപകരണ വിതരണം (സ്പിൽ ഓവർ), പാടശേഖര സമിതിക്ക് കാർഷികോപകരണ വിതരണം, കാർഷിക സമിതികൾ/പാടശേഖര സമിതികൾ/ഗ്രൂപ്പുകൾ എന്നിവയ്ക്ക് കാർഷികോപകരണ വിതരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന കാർഷികോപകരണങ്ങൾ റെയ്ഡ്കോ, കാംകോ എന്നിവിടങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട് .

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവ് /ബിൽ നം | വാങ്ങിയ കാർഷിക ഉപകരണങ്ങൾ | സ്ഥാപനം |
|---|---|---|---|---|
| 1 | സ്വാശ്രയ സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ ( pro no – 227/17 ) | 2/16-17/ 31.3.2017 ₹1650412/- | Weed cutter -72 power sprayer - 38 Rocker sprayer - 45 Backpack sprayer - 21 cocunut climber - 51 Knapsack sprayer - 53 | RAIDCO |
| | | 1/16-17 /31.3.2017 ₹122505/- | Power reaper KR 120HP – 1 | KAMCO |
| | | ബിൽ നം. 5/16-17 /31.3.2017 ₹681420/- | Weed cutter -18 power sprayer - 23 Rocker sprayer - 28 Backpack sprayer - 31 cocunut climber - 15 Knapsack sprayer - 35 | RAIDCO |
| 2 | പാടശേഖര സമിതിക്ക് കാർഷികോപകരണം (pro no -77/17) | 1/16-17 /31.3.2017 ₹426666/- | power tiller 12HP | RAIDCO |
| | | 6/16-17 /31.3.2017 ₹33864/- | cage wheel type iv – 4 | RAIDCO |
| 3 | കാർഷിക സമിതികൾ/പാടശേഖര സമിതികൾ /ഗ്രൂപ്പുകൾ എന്നിവയ്ക്ക് | 7/16-17/ 31.3.2017 | power tiller – 1 | KAMCO |

| | | | | |
|---|---|---|---|---|
| | കാർഷികോപകരണ വിതരണം (pro no 267/17 ) | ₹116416/- | | |
| | ആകെ | 3031283 | | |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു .

1) കാർഷികോപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല.

2) 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (11.1.2016 ലെ ജി.ഒ.(എം.എസ്.)4/2016/തസ്വഭവ) ഖ 3.1 ക്രമ നം.7 പ്രകാരം കാർഷികോപകരണങ്ങൾ ലഭിക്കുന്ന സമിതി/സംഘങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. മേൽ പട്ടികയിൽ സൂചിപ്പിച്ച കാർഷികോപകരണങ്ങൾ മുഴുവൻ കൈപറ്റിയിരിക്കുന്നത് സമൃദ്ധി കാർഷിക കർമ്മ സമിതിയാണ്. സമിതിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

3) കാർഷികോപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനങ്ങളായ കാംകോയ്ക്ക് നൽകുന്നതിന് 2,38,921/- രൂപയും, റെയ്ഡ്കൊയ്ക്ക് നൽകുന്നതിന് 27,92,362/- രൂപയും പിൻവലിച്ചിട്ടുണ്ട്. തുക സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ വിവരങ്ങളോ, സ്ഥാപനങ്ങളുടെ കൈപ്പറ്റ് രസീതോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4) കാർഷിക സമിതികൾ/പാടശേഖര സമിതികൾ/ഗ്രൂപ്പുകൾ എന്നിവയ്ക്ക് കാർഷികോപകരണ വിതരണം എന്ന പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ വിളിക്കുകയും ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് കാവുങ്കൽ ഏജൻസി ആയിരുന്നെങ്കിലും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ റെയ്ഡ്കൊയിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയത്. ആയതിന്റെ ഭരണസമിതി തീരുമാനം, പർച്ചേസിംഗ് കമ്മിറ്റി തീരുമാനത്തിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5)ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വിശദാംശങ്ങൾ, പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ( ഖ.3-6 ൽ പരാമർശിച്ചിട്ടുണ്ട്), ടി തുക സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. /16-17/) മറുപടി ലഭ്യമാക്കിയിട്ടില്ല. 30,31,283/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 വനിത ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | വനിതാ ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം |
| അടങ്കൽ | 15,00,000/- (വികസനഫണ്ട്)+5,00,000/-(ഗു.വി ) |
| ചെലവ്. | 3,60,000/- [2,70,000/-(വികസനഫണ്ട്)<br>90,000/- (ഗുണഭോക്തൃവിഹിതം)] |
| ബിൽ നം. | 3/16-17 /31.3.2017 |

12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (11.1.2016 ലെ ജി.ഒ.(എം.എസ്.)4/2016/തസ്വഭവ)പട്ടിക 3.1 ക്രമ നം 4 പ്രകാരം ഫലവൃക്ഷത്തൈകൾ വാങ്ങുന്നതിന് പരമാവധി 75% സബ്സിഡി നൽകാവുന്നതാണ്.

ബ്ലോക്കിലെ കുടുംബശ്രീകൾക്ക് ഫല-വൃക്ഷതൈകൾ നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. 36 യൂണിറ്റുകളിൽ നിന്നും 2,500/- രൂപ തോതിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയിയ തുക (90,000/-രൂപ)

സെക്രട്ടറിയുടെ STSB-14-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. VFPCK യിൽ നിന്നും (ഇൻവോയ്സ് നം - EKM/CR/16-17/1031 Dt : 28.3.2017 , 3,60,000/-) താഴെ കൊടുക്കുന്ന ഫല-വൃക്ഷതൈകൾ വാങ്ങിയിട്ടുണ്ട്.

1)Rambutan – 720എണ്ണം

2)Litchy – 360എണ്ണം

3)Gauva – 360എണ്ണം

4)Mango - 360എണ്ണം

5)Mangosteen - 360എണ്ണം

6)Sapota - 360എണ്ണം

7)Mosambi – 360എണ്ണം

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു .

1) ഫല-വൃക്ഷതൈകൾ കൈപറ്റിയത് സമൃദ്ധി കാർഷിക സമിതിയാണ്. ടി യൂണിറ്റ് ഗുണഭോക്തൃവിഹിതം അടച്ചിട്ടില്ല.

2)ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല. വാർഡ് മെമ്പർമാർ നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പുകൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തത്. ഗ്രൂപ്പുകളെ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെയോ, ഗ്രാമസഭയിൽ തെരഞ്ഞെടുത്തതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3)കുടുംബശ്രീ യൂണിറ്റുകൾക്ക് ഫല-വൃക്ഷതൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4) സ്ഥാപനത്തിന് നാളിതു വരെയും തുക നൽകിയിട്ടില്ല .നിലവിൽ ഗുണഭോക്തൃവിഹിതമായി ലഭിച്ച 90[000/-രൂപ സെക്രട്ടറിയുടെ STSB -14-ാം നമ്പർ അക്കൗണ്ടിലും, പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച 2,70,000/-രൂപ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലുമാണുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. /16-17/) മറുപടി ലഭ്യമാക്കിയിട്ടില്ല. 3,60,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 ഹാഡ പദ്ധതി - 17,56,230/- രൂപ തിരിച്ചടച്ചില്ല

ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ ബ്ലോക്കിൽ 'പഴം പച്ചക്കറി പദ്ധതി' നടപ്പാക്കുന്നതിന് ഹാഡ സെക്രട്ടറിയിൽ നിന്നും ലഭിച്ച 26 ലക്ഷം രൂപ 08.04.2013 ന് STSB-14 അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് വിവിധ ഘട്ടങ്ങളിലായി പിരിച്ച ഗുണഭോക്തൃവിഹിതം STSB-14 അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | തുക ട്രഷറിയിൽ നിക്ഷേപിച്ച തീയതി | തുക |
|---|---|---|
| 1 | 31.03.2015 | 40,000 |
| 2 | 31.03.2015 | 75,000 |
| 3 | 04.06.2015 | 77,500 |

| | | |
|---|---|---|
| 4 | 21.07.2015 | 5,220 |
| 5 | 05.08.2015 | 50,000 |
| 6 | 27.09.2015 | 35,000 |
| 7 | 31.03.2016 | 34,940 |
| | ആകെ | 317660 |

ടി പദ്ധതിയ്ക്കായി നാളിതു വരെ അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) ക്ക് താഴെ പറയുന്ന തരത്തിൽ തുക നൽകിയിട്ടുണ്ട്.

| ക്രമ നം | തീയതി | തുക, ചെക്ക് നം |
|---|---|---|
| 1 | 08.03.2016 | 991550 |
| 2 | 04.04.2016 | 100000 |
| 3 | 19.08.2016 | 69880 |
| | ആകെ | 1161430 |

നിലവിൽ 17,56,230/- രൂപ സെക്രട്ടറിയുടെ STSB-14-ാം നമ്പർ അക്കൗണ്ടിൽ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട്. നിലവിൽ ടി പദ്ധതി നടപ്പിലാക്കുന്നില്ല എന്നാണ് എഡിഎ മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ 17,56,230/- രൂപ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി നടപ്പാക്കിയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 വെള്ളക്കരം-പിഴ തുക ഒടുക്കിയത് 43664/- രൂപ നിരാകരിക്കുന്നു.

എസ്00158/17 നമ്പർ പ്രോജക്ട് പ്രകാരം വൈത്തിരി താലൂക്ക് ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്ക് ബ്ലാക്ക് പഞ്ചായത്ത് അനുവദിച്ച സംരക്ഷണ ഗ്രാന്റിൽ നിന്നും താഴെ പറയുന്ന തുക ട്രഷറി ബില്ലുകൾ പ്രകാരം വെള്ളക്കരം ഒടുക്കിയിട്ടുണ്ട്.

1) ട്രഷറി ബില്ല് നമ്പർ 01/16-17, തീയതി 30.11.2016, തുക 384479/- രൂപ

വാട്ടർ അതോറിറ്റിയുടെ 17.08.2016 -ലെ ബില്ല് നമ്പർ 20177926-ന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കിയത്. ബിൽ പ്രകാരം ദ്വൈമാസ വാട്ടർ ചാർജ് 84,300/- രൂപയും കുടിശ്ശിക 2,80,753/- രൂപയും ഇൻസ്പെക്ഷൻ ചാർജ് 4/- രൂപയും പിഴ തുക19,422/-രൂപയും അടക്കമാണ് 3,84,479/- രൂപ.

2) ട്രഷറി ബില്ല് നമ്പർ 12/16-17, തീയതി 10.02.2017, തുക 2,33,787/- രൂപ

വാട്ടർ അതോറിറ്റിയുടെ 16.12.2016 -ലെ ബില്ല് നമ്പർ 22628417-ന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കിയത്. ബിൽ പ്രകാരം ദ്വൈമാസ വാട്ടർ ചാർജ് 1,14,380/- രൂപയും കുടിശ്ശിക 99,837/- രൂപയും ഇൻസ്പെക്ഷൻ ചാർജ് 4/- രൂപയും പിഴ തുക 19,566/-രൂപയും അടക്കമാണ് 2,33,787/- രൂപ.

3) ട്രഷറി ബില്ല് നമ്പർ 15/16-17, തീയതി 08.03.2017, തുക 1,47,655/- രൂപ

വാട്ടർ അതോറിറ്റിയുടെ 15.02.2017 -ലെ ബില്ല് നമ്പർ 24010957-ന്റെ അടിസ്ഥാനത്തിലാണ് തുക

അടവാക്കിയത്. ബിൽ പ്രകാരം ദ്വൈമാസ വാട്ടർ ചാർജ് 1,14,380/- രൂപയും കുടിശ്ശിക 28,595/- രൂപയും ഇൻസ്പെക്ഷൻ ചാർജ് 4/- രൂപയും പിഴ തുക 4,676/-രൂപയും അടക്കമാണ് 1,47,655/- രൂപ.

18.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2016-17) മെഡിക്കൽ സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് പിഴ അടവാക്കേണ്ടി വന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. അതിനാൽ ആകെ പിഴ തുക 43,664/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. വെള്ളക്കരം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-11 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

എസ്00163/17 നമ്പറായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കൃത്രിമ ഉപകരണങ്ങൾ വാങ്ങി നൽകൽ എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് ഭിന്നശഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. രേഖകൾ പ്രകാരം 52,069/- രൂപ വില വരുന്ന ഉപകരണങ്ങൾ (12 - വീൽ ചെയർ, 3 - വാക്കിംഗ് കെയിൻ ) കെ.എം.എസ്.സി.എൽ. -ലിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. 16.06.2017 -ന് ഉപകരണങ്ങൾ ശ്രീ. ജിതിൻ പി., ക്ലാർക്ക് കൈപ്പറ്റിയതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതിന് പുറമേ താലൂക്ക് ആശുപത്രി സൂപ്രണ്ട് മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് (സൂപ്രണ്ടിന്റെ 18.03.2017-ലെ ഡി-56/17 നമ്പർ കത്ത്). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (ജി.ഒ. (എം.എസ്.) 04/2016/തസ്വഭവ, 11.01.2016) പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗ്രാമപഞ്ചായത്ത് നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമായിരിക്കണം ബ്ലോക്ക് പഞ്ചായത്ത് ഉപകരണങ്ങൾ നൽകേണ്ടത്. ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത് സർക്കാർ സർവ്വീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുമാണ്.

18.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2016-17) മെഡിക്കൽ സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 52,069/- രൂപ (ട്രഷറി ബിൽ നം. 23/2016-17, തീയതി 31.03.2017) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ രേഖകളും അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3-12 വൈത്തിരി താലൂക്ക് ആശുപത്രി - ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ പ്രത്യേകം ടി.ആർ. 7(എ) ക്യാഷ് ബുക്കുകളിലാണ് വൈത്തിരി താലൂക്ക് ആശുപത്രി സൂപ്രണ്ട് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ക്യാഷ്ബുക്കിൽ 31.03.2017 -ൽ 6,45,571/- രൂപ നീക്കിയിരിപ്പുണ്ട്. ക്യാഷ്ബുക്കിൽ ബാങ്ക് റിക്കൺസിലിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. സൂപ്രണ്ടിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചുണ്ടേൽ ശാഖയിലുള്ള അക്കൗണ്ട് (A/C No. 34992564680) മുഖാന്തിരമാണ് പണമിടവാടുകൾ നടത്തുന്നതെന്നാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത് (ബാങ്ക് അക്കൌണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്). ഈ ബാങ്ക് അക്കൌണ്ടിന്റെ 16.06.2015 മുതൽ 27.09.2017 വരെയുള്ള ബാങ്ക് പാസ്സ് ബുക്കാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. അക്കൗണ്ടിലെ 31.03.2017 -ലെ നീക്കിയിരിപ്പ് 6,82,422/- രൂപയാണ് (27.09.2017-ലെ നീക്കിയിരിപ്പ് 28,698/- രൂപയാണ്). ബാങ്ക് അക്കൗണ്ടിൽ അധികമായുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല (682422 - 645571 = 36851). ഹാജരാക്കിയ പാസ്സ് ബുക്കിന്റെ കാലയളവിൽ മാത്രം 8721/-രൂപ പലിശ ഇനത്തിൽ

അക്കൗണ്ട് ചെയ്യപ്പെടാത്ത വരവുണ്ട്.

12.04.2006ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഒരു ടി.ആർ. 7(എ) ക്യാഷ് ബുക്കിലാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ അനുബന്ധം ബി-IV പ്രകാരമുള്ള സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇതിനുപുറമേ ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് മേൽ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതും. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

18.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2016-17) മെഡിക്കൽ സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങി നൽകൽ - ഉപയോഗ വിവരം ലഭ്യമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ എസ്0071/2017 നമ്പർ പ്രോജക്ട് പ്രകാരം 2,79,521/- രൂപ വില വരുന്ന മരുന്നുകൾ കെ.എം.എസ്.സി.എൽ. -ലിൽ നിന്നും വാങ്ങി ഡിസ്ട്രിക്ക് മെന്റൽ ഹെൽത്ത് പ്രോഗ്രാം കോ-ഓഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. ,വാങ്ങി നൽകിയ മരുന്നുകൾ ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ,കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (ജി.ഒ. (എം.എസ്.) 04/2016/തസ്വഭവ, 11.01.2016) പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ലാത്തതാണ്.

18.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2016-17) സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഡിസ്ട്രിക്ക് മെന്റൽ ഹെൽത്ത് പ്രോഗ്രാം കോ-ഓഡിനേറ്റർക്ക് നൽകിയ മരുന്നുകളുടെ ഉപയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവ് തുക 2,79,521/- രൂപ (ട്രഷറി ബിൽ നം. 17/15-16, തീയതി 23.03.2017) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 വയോജനങ്ങൾക്ക് ശ്രവണ സഹായി വാങ്ങി നൽകൽ - മാർഗ്ഗരേഖാ ലംഘനം.

എസ്0087/17 നമ്പറായി ബ്ലാക്ക് പഞ്ചായത്ത് വയോജനങ്ങൾക്ക് ശ്രവണ സഹായി വാങ്ങി നൽകുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം 97500/- രൂപ വിലവരുന്ന 15 ശ്രവണ സഹായികൾ കെൽട്രോണിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ 11.08.2017 -ന് ഉപകരണങ്ങൾ ശ്രീ. ജിതിൻ പി., ക്ലാർക്ക് കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. താലൂക്ക് ആശുപത്രി സൂപ്രണ്ട് മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മാർഗ്ഗരേഖ (ജി.ഒ. (എം.എസ്.) 04/2016/തസ്വഭവ, 11.01.2016) പ്രകാരം വയോജനങ്ങൾക്ക് ശ്രവണ സഹായി വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടില്ല. ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുള്ളൂ. മേൽ പറഞ്ഞതിന് പുറമേയുള്ള വ്യക്തിഗത ആനുകൂല്യ വിതരണ പരിപാടികൾ ഏറ്റെടുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുമുണ്ട്.

18.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2016-17) സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖാ വിരുദ്ധമായ ചെലവ് തുക 97,500/-രൂപ (ട്രഷറി ബിൽ നം. 28/2016-17, തീയതി 31.03.2017) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ രേഖകളും അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## **3-15** സെക്കന്ററി പാലിയേറ്റീവ് കെയർ - മാർഗ്ഗരേഖ പ്രകാരമല്ലാതെ ചെലവുകൾ നടത്തി

എസ്0072/17 നമ്പറായി ബ്ലോക്ക് പഞ്ചായത്ത്, വൈത്തിരി താലൂക്ക് ആശുപത്രി സെക്കണ്ടറി പാലിയേറ്റീവ് കെയർ എന്ന പേരിൽ പാലിയേറ്റീവ് പരിചരണത്തിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആകെ ചെലവ് 1,90,263/- രൂപയാണ്. ചെലവിന്റെ ട്രഷറി ബിൽ നമ്പറും തീയതിയും താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - താലൂക്ക് ആസുപത്രി സൂപ്രണ്ട്.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 02/2016-17 | 04.01.2017 | 20386 |
| 2 | 08/2016-17 | 10.012.2017 | 15500 |
| 3 | 14/2016-17 | 08.03.2017 | 9200 |
| 4 | 22/2016-17 | 31.03.2017 | 68508 |
| 5 | 25/2016-17 | 31.03.2017 | 76669 |
| ആകെ | | | 190,263 |

സ്നേഹസ്പർശം എന്ന പേരിൽ 29.2.2017-ന് നടത്തിയ രോഗി ബന്ധു സംഗമത്തിൽ ആകെ 35,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സംഗമത്തിന്റെ ചെലവ് വൗച്ചറുകളെല്ലാം 03.03.2017- ലേതാണ്. സംഗമത്തിന്റെ ഹാജർ ലിസ്റ്റ് പ്രകാരം ആകെ 155 പേരാണ് പങ്കെടുത്തിട്ടുള്ളത്. എന്നാൽ 126 പേർ വീതം ഭക്ഷണ കഴിച്ചതിന്റ 6,048/-രൂപ വീതമുള്ള താലൂക്ക് ഹോസ്പിറ്റൽ കാന്റീനിന്റെ 3.3.2017-ലെ രണ്ട് ബില്ലുകൾ (നം. 208, 210) ചെലവ് വൗച്ചറായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ വൈത്തിരി അമ്പിളി സ്റ്റോർ എന്ന സ്ഥാപനത്തിന്റെ 3.3.2017-ലെ 1034, 1035 നമ്പർ ബില്ലുകൾ പ്രകാരം യഥാക്രമം 4,044/-രൂപയും 933/-രൂപയും ഡയറ്ററി ആർട്ടിക്കിൾസിനുള്ള ചെലവ് എന്ന പേരിൽ സംഗമത്തിന്റെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (മുളക് പൊടി, മല്ലി പൊടി, ചായപൊടി, കടുക്, ഉലുവ തുടങ്ങിയ പലവ്യഞ്ജനങ്ങളാണ് വാങ്ങിയിട്ടുള്ളത്). മേൽ പറഞ്ഞ സാധനങ്ങൾ എന്ത് ആവശ്യത്തിന് വാങ്ങിയതാണെന്ന് വ്യക്തമല്ല. വൈത്തിരി ന്യൂ അമ്പിളി ലൈറ്റ് & സൗണ്ട്സ് എന്ന സ്ഥാപനത്തിന്റെ 3.3.2017-ലെ 798-ാം നമ്പർ ബില്ല് പ്രകാരം കസാര, മൈക്ക് തുടങ്ങിയവയ്ക്ക് 18,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 29.10.2015 -ലെ ജി.ഒ. (ആർ.ടി.) 3217/2015/തസ്വഭവ നമ്പറായി പുറപ്പെടുവിച്ച പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം രോഗികളുടെ കുടുംബങ്ങളുടെയും ഹോം കെയർ ടീം അംഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും വാർഷിക സംഗമം നടത്തിപ്പിലെ ഭക്ഷണ ചെലവും സംഘാടനത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3,000/-രൂപയുമാണ് ചെലവഴിക്കാവുന്നത്. കൂടുതൽ തുക വേണ്ടി വന്നാൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണം.

മേൽ പറഞ്ഞതിന് പുറമേ 14,500/-രൂപ ചെലവിൽ ക്യാമറയും 26292/-രൂപ ചെലവിൽ സ്റ്റേഷനറി

സാധനങ്ങളും വാങ്ങിയിട്ടുണ്ട് (സ്റ്റേഷനറി സാധനങ്ങളുടെ ചെലവിൽ കാൽകുലേറ്റർ, ക്ലോക്ക് തുടങ്ങിയവ വാങ്ങിയതിന്റെ ചെലവും ഉൾപ്പെടുന്നുണ്ട്). മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ചെലവ് ഇനങ്ങളാണിത്.

18.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/2016-17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക സംഗമം നടത്തിയതിന്റെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ചെലവുകളായ 155 പേരുടെ ഭക്ഷണ ചെലവ് 7,440/-രൂപയും (155 X 48 = 7440) സംഘാടനത്തിന്റെ മറ്റ് ചെലവുകൾക്കായി അനുവദിക്കാവുന്ന 3,000/-രൂപയും കിഴിച്ച് ബാക്കി ചെലവ് തുക 24,560/-രൂപ (35000 - [7440 + 3000]) ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത മറ്റ് ചെലവുകൾ നടത്തിയതിന് വിശദീകരണവും ലഭ്യമാക്കാണ്ടതാണ്.

## 3-16 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി - നിയമ വ്യവസ്ഥകൾ പാലിച്ചിട്ടുമില്ല .

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെ പരിപാലനവും സർക്കാരിൽ നിന്നും കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കലും മാത്രമാണ് പൊതുമരാമത്ത് മേഖലാടിസ്ഥാനത്തിലുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ (172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അഞ്ചാം പട്ടിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ കാണുക) ഉൾപ്പെടുന്നുള്ളൂ. എന്നാൽ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് തൻവർഷം മേഖല ചുമതലയിൽ പെടാത്ത മെതിക്കളം കോൺക്രീറ്റ് എന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പല നിയമ വ്യവസ്ഥകളും പാലിച്ചിട്ടുമില്ല.

പ്രോജക്ടിന്റെ വിശദാംശങ്ങളും മറ്റ് അപാകതകളും താഴെ കൊടുക്കുന്നു.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0195/16-17 |
| പ്രോജക്ടിന്റെ പേര് | തേങ്ങകൊല്ലി കോളനി മെതിക്കളം |
| അടങ്കൽ | 5 ലക്ഷം രൂപ (ടി.എസ്.പി.) |
| ചെലവ് | 393000/-രൂപ[ട്രഷറി ബിൽ നം. 07/16-17, 15/03/2017 |
| എം. ബുക്ക് നമ്പർ | 8/15-16(പേജ് 1- 7) |
| കോൺട്രാക്ടർ | ശ്രീ. സുനിൽകുമാർ ഒ.ബി. (21.4% കുറവ്) |
| കരാറുടമ്പടി നമ്പർ | AEE/LSGD/48/15-16, 06.02.2016 |
| പി.എ.സി. | 426928/-രൂപ |
| ടെണ്ടർ തീയതി | 15.11.2016 |

പ്രോജക്ട് നടപ്പിലാക്കിയതിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

പൊതുമരാമത്ത് മാനുവൽ (സെക്ഷൻ 1601.1.2 ഇ) പ്രകാരം ലംപ്സം പ്രൊവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5%- ൽ അധികരിക്കാൻ പാടില്ല. പ്രവൃത്തിയുടെ എസ്റ്റ്മേറ്റ് പ്രകാരം ആകെ തുക 426928/- രൂപയാണ് ആയതിന്റെ 5% 21346/- രൂപയാണ്. എന്നാൽ എസ്റ്റ്മേറ്റിൽ ലംപ്സം പ്രൊവിഷനായി 73072/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റിലെ 3-ാം ഇനം - 1:2:4 സിമന്റ് കോൺക്രീറ്റ് 0.10മീ. ഘനത്തിൽ ചെയ്യുന്നതിനായിരുന്നു അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാൽ സാങ്കേതിക അനുമതി നൽകിയപ്പോൾ 0.075മീ. എന്നാക്കി തിരുത്തിയാണ് അംഗീകാരം നൽകിയിട്ടുള്ളത്. അതിനാൽ പ്രസ്തുത ഇനത്തിൽ അധികമായി വന്ന തുക ലംപ്സം പ്രൊവിഷനിൽ ഉൾപ്പെടുത്തിയതിനാലാണ് ലംപ്സം പ്രൊവിഷൻ 5%-ൽ അധികരിക്കാൻ ഇടയായത്. പ്രവൃത്തിയുടെ ടെണ്ടറിൽ എസ്റ്റിമേറ്റിലെ 3-ാം ഇനം - 1:2:4 സിമന്റ് കോൺക്രീറ്റ് 0.075മീ. ഘനം എന്നതിന് പകരം 0.10മീ. ഘനം എന്ന് രേഖപ്പെടുത്തിയ ടെണ്ടർ ഷെഡ്യൂളാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്. അതിനാൽ അതിന്റെ അടസ്ഥാനത്തിലാണ് കരാറുകാർ ടെണ്ടറിൽ തുക

രേഖപ്പെടുത്തിയിട്ടുള്ളതും പ്രവൃത്തി നടത്തിയിട്ടുള്ളതും.

പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ എസ്റ്റിമേറ്റിലെ 3-ാം ഇനം - 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്യതിന്റെ ഘനം 0.075മീ. എന്ന് ആദ്യം രേഖപ്പടുത്തിയത് തിരുത്തി 0.10മീ. എന്ന് രേഖത്തിയിട്ടുണ്ട് (അളവ് പുസ്തകം പേജ് 3). അതിനാൽ അളവിലെ വ്യത്യാസം മനപൂർവ്വം വരുത്തിയതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടെണ്ടറിൽ കരാറുകാരൻ 388935.36 രൂപയാണ് രേഖപ്പെടുത്തിയിരുന്നത്. അതായത് പി.എ.സി-യെക്കാൾ 21.4% കുറവ് (കരാറുകാരന് നൽകിയ ടെണ്ടർ ഷെഡ്യൂൾ പ്രകാരം പി.എ.സി. 494828/-രൂപ). അതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള യഥാർത്ഥ പി.എ.സി.-യുടെ 21.4% കുറവ് 335565/-രൂപ(426928/- -ടെ 21.4%) ആയിരുന്നു പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് വരേണ്ടിയിരുന്നത്. ടെണ്ടർ നടത്തിയ ഉദ്യോഗസ്ഥന്റെ വീഴ്ച കാരണം ബ്ലോക്ക് പഞ്ചായത്തിന് 57435/-രൂപ (393000 - 335565) നഷ്ടപ്പെടാൻ ഇടയായി.

ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായ നഷ്ടം 57435/-രൂപ ടെണ്ടർ നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത മരാമത്ത് പ്രവൃത്തിയാണ് നടപ്പാക്കിയതെന്നതിനാൽ ബാക്കി ചെലവ് തുക 335565/-രൂപ (393000 - 57435) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

II)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0196/16-17 |
| പ്രോജക്റ്റിന്റെ പേര് | ആനേരിമുക്കത്ത് കോളനി മെതിക്കളം |
| അടങ്കൽ | 5 ലക്ഷം രൂപ (ടി.എസ്.പി.) |
| സാങ്കേതിക അനുമതി | 1001/15-16, 06.10.2015 |
| ചെലവ് | 424500/-രൂപ[ട്രഷറി ബിൽ നം. 07/16-17, 15/03/2017 |
| എം. ബുക്ക് നമ്പർ | 160/15-16(പേജ് 1- 10) |
| കോൺട്രാക്ടർ | കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| കരാറുടമ്പടി നമ്പർ | AEE/LSGD/29/15-16, 02.06.2016 |
| പി.എ.സി. | 4,26,986/- |

പ്രോജക്റ്റ് നടപ്പിലാക്കിയതിലെ ന്യൂനതകൾ താഴെ പറയുന്നു.

1) പ്രവൃത്തിയുടെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക (371221.16രൂപ) രേഖപ്പടുത്തിയത് ശ്രീ. അബ്ദുൾ ബാരി എന്ന കരാറുകാരനായിരുന്നു. എന്നാൽ 420222.35രൂപ രേഖപ്പെടുത്തിയ കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത് (തുക അനുവദിച്ചപ്പോൾ ഇതിൽ പരിമതപ്പെടുത്തിയിട്ടില്ല). കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിക്കാനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല (1997 - ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 10(12)കാണുക). പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത ശ്രീ. റഹിം എം.എ. (ടെണ്ടറിൽ രേഖപ്പടുത്തിയ തുക 395474.27രൂപ) എന്ന കരാറുകാരന്റെ വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ നിരാകരിക്കാനുള്ള കാരണവും രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ അംഗീകരിച്ച ടെണ്ടറിന്റെ വിവരം രേഖപ്പടുത്തി ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ

അംഗീകരിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് 53,279/-രൂപ (424500 - 371221.16) നഷ്ടമുണ്ടായിട്ടുണ്ട്.

2) പൊതുമരാമത്ത് മാന്വൽ പ്രകാരം ലംപ്സം പ്രൊവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5%- ൽ അധികരിക്കാൻ പാടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ആകെ തുക 4,26,986/- രൂപയാണ്. ആയതിന്റെ 5% 21349/- രൂപയാണ്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷനായി 73,014/-രൂപയാണ് ഉൾപ്പെടാത്തിയിട്ടുള്ളത്. എസ്റ്റിമേറ്റിലെ 3-ാം ഇനം - 1:2:4 സിമന്റ് കോൺക്രീറ്റ് 0.10മീ. ഘനത്തിൽ ചെയ്യുന്നതിനായിരുന്ന അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാൽ സാങ്കേതിക അനുമതി നൽകിയപ്പോൾ 0.075മീ. എന്നാക്കി തിരുത്തിയാണ് അംഗീകാരം നൽകിയിട്ടുള്ളത്. അതിനാൽ പ്രസ്തുത ഇനത്തിൽ അധികമായി വന്ന തുക ലംപ്സം പ്രൊവിഷനിൽ ഉൾപ്പെടുത്തിയതിനാലാണ് ലംപ്സം പ്രൊവിഷൻ 5%-ൽ അധികരിക്കാൻ ഇടയായത്. പ്രവൃത്തിയുടെ ടെണ്ടറിൽ എസ്റ്റിമേറ്റിലെ 3-ാം ഇനം - 1:2:4 സിമന്റ് കോൺക്രീറ്റ് 0.075മീ. ഘനം എന്നതിന് പകരം 0.10മീ. ഘനം എന്ന് രേഖപ്പെടുത്തിയ ടെണ്ടർ ഷെഡ്യൂളാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്. അതിനാൽ അതിന്റെ അടസ്ഥാനത്തിലാണ് കരാറുകാർ ടെണ്ടറിൽ തുക രേഖപ്പെടുത്തിയിട്ടുള്ളതും പ്രവൃത്തി നടത്തിയിട്ടുള്ളതും.

ടെണ്ടറിൽ കുറഞ്ഞതുക രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ ബാരി 371221.16 രൂപയാണ് രേഖപ്പെടുത്തിയിരുന്നത്. അതായത് പി.എ.സി-യെക്കാൾ 25% കുറവ് (കരാറുകാരന് നൽകിയ ടെണ്ടർ ഷെഡ്യൂൾ പ്രകാരം പി.എ.സി. 494961.54 രൂപയാണ്). അതിനാൽ എസ്റ്റ്മേറ്റ് പ്രകാരമുള്ള യഥാർത്ഥ പി.എ.സി.-യുടെ 25% കുറവ് 320240/-രൂപ (426986/- -ടെ 25%) ആയിരുന്ന പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് വരേണ്ടിയിരുന്നത്. ടെണ്ടർ നടത്തിയ ഉദ്യോഗസ്ഥന്റെ വീഴ്ച കാരണം ബ്ലോക്ക് പഞ്ചായത്തിന് 50,981/-രൂപ (371221 - 320240) നഷ്ടപ്പെടാൻ ഇടയായി.

3) സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കണം. 14 ദിവസത്തിനകം കരാറുടമ്പടി വയ്ച്ചിട്ടില്ലങ്കിൽ PAC - യുടെ 1% പിഴയോടുകൂടി 10 ദിവസസമയം കൂടി കരാറുടമ്പടി വയ്ക്കാൻ അനുവദിക്കാവുന്നതാണ് (സെക്ഷൻ - 2009.6). അതിനുള്ളിൽ കരാറുടമ്പടി വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. എന്നാൽ 01.03.2016 - ന് 07.03.2016- നകം എഗ്രിമെന്റ് വയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ 02/06/2016 -നാണ് കരാറുടമ്പടി വച്ചിട്ടുള്ളത്. എന്നാൽ കരാർ റദ്ദാക്കിയില്ല എന്ന് മാത്രമല്ല കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല. കരാറുകാരനിൽ നിന്നും 4950/-രൂപ (കരാടുമ്പടി പ്രകരം പി.എ.സി. 494961.54 രൂപയാണ് കരാറുകാരൻ നൽകിയ ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ളത്.) പിഴ ഈടാക്കേണ്ടതായിരുന്നു.

4) ഇത് ഒരു ഏകവർഷ പ്രോജക്ടായിരുന്നു. അതിനാൽ 31.03.2016-നകം പ്രവൃത്തി പൂർത്തികരിക്കേണ്ടതായിരുന്നു (ടെണ്ടർ നോട്ടീസ് പ്രകാരവും പൂർത്തികരണ തീയതി 31.03.2016 ആണ്). യഥാസമയം കരാറുടമ്പടി വച്ച് പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ ഈ പ്രോജക്ടിനു വേണ്ടി 2015-16 വർഷത്തിൽ വകയിരുത്തിയ വികസന ഫണ്ട് തുക 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുന്നു (ഒരോ വർഷത്തെയും വിനിയോഗിക്കാത്ത വികസന ഫണ്ട് ലാപ്സാകും).

5) അസി. എക്സി. എഞ്ചിനീയർ വർക്ക് ഓർഡർ നൽകിയതിന്റെയും കരാറുകാരൻ വർക്ക് സൈറ്റ് ഏറ്റെടുത്തതിന്റെയും രേഖയില്ല.

6) പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുടമ്പടിയിലെ 6-ാം വ്യവസ്ഥ പ്രകാരം സ്ഥലം ഏറ്റെടുത്ത് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്, 9-ാം വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കണം. എന്നാൽ അളവ് പുസ്തകപ്രകാരം, പ്രവൃത്തി 15.11.2016 - ന് ആരംഭിച്ച് 02.12.2016 -നാണ് അവസാനിച്ചിട്ടുള്ളത്(ആദ്യ അവസാന അളവുകൾ രേഖപ്പെടുത്തിയ തീയതി). 02/06/2016- ന് എഗ്രിമെന്റ്

വെച്ച പ്രവൃത്തി 10 ദിവസത്തിനകം അതായത് 12.06.2016 -നകം ആരംഭിക്കേണ്ടതായിരുന്നു. 15.11.2106 -നാണ് ആരംഭിച്ചതെന്നതിനാൽ എഗ്രിമെന്റിന്റെ ലംഘനമാണ് അതിനാൽ 12.06.2016 മുതൽ പ്രവൃത്തി പൂർത്തിയാക്കിയ 02.12.2016 - വരെ (173 ദിവസങ്ങൾ) കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതായിരുന്നു. അതായത് 24 ആഴ്ചകൾക്ക് കരാർ തുകയുടെ 0.1% വീതം 10085/-രൂപ(420222 X 24 X 0.1/100) ഈടാക്കിയിട്ടില്ല.

കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ 53279/- രൂപയും ടെണ്ടർ നടത്തിയ ഉദ്യോഗസ്ഥന്റെ വീഴ്ച കാരണം 50,981/- രൂപയും സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കാത്തതിനുള്ള പിഴ 4,950/-രൂപയും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്ന 10,085/-രൂപയും അടക്കം 1,19,295/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത മരാമത്ത് പ്രവൃത്തിയാണ് നടപ്പാക്കിയതെന്നതിനാൽ ബാക്കി ചെലവ് തുക 305205/-രൂപ (424500 – 119295) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

III)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0189/16-17 |
| പ്രോജക്ടിന്റെ പേര് | മരവയൽ എസ്.ടി. കോളനി മെതിക്കളം |
| അടങ്കൽ | 5 ലക്ഷം രൂപ (ടി.എസ്.പി.) |
| ചെലവ് | 375441/-രൂപ[ട്രഷറി ബിൽ നം. 06/16-17, 15/02/2017 |
| എം. ബുക്ക് നമ്പർ | 162/15-16(പേജ് 1- 17) |
| കോൺട്രാക്ടർ | ശ്രീ. സുനിൽകുമാർ ഒ.ബി.(393497/- രൂപ - 20.3% below) |
| കരാറുടമ്പടി നമ്പർ | AEE/LSGD/33/15-16, 07.06.2016 |
| പി.എ.സി. | 493722/-രൂപ |

പ്രോജക്ട് നടപ്പിലാക്കിയതിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1) 01.03.2016 - ന് 07.03.2016- നകം എഗ്രിമെന്റ് വയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ 07/06/2016 -നാണ് കരാറുടമ്പടി വച്ചിട്ടുള്ളത്. എന്നാൽ കരാർ റദ്ദാക്കിയില്ല എന്ന് മാത്രമല്ല കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല. കരാറുകാരനിൽ നിന്നും 4,937/-രൂപ (പിഴ ഈടാക്കേണ്ടതായിരുന്നു.

2) ഇത് ഒരു ഏകവർഷ പ്രോജക്ടായിരുന്നു. അതിനാൽ 31.03.2016-നകം പ്രവൃത്തി പൂർത്തികരിക്കേണ്ടതായിരുന്നു (ടെണ്ടർ നോട്ടീസ് പ്രകാരവും പൂർത്തികരണ തീയതി 31.03.2016 ആണ്). യഥാസമയം കരാറുടമ്പടി വച്ച് പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ ഈ പ്രോജക്ടിനു വേണ്ടി 2015-16 വർഷത്തിൽ വകയിരുത്തിയ വികസന ഫണ്ട് തുക 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുന്നു (ഒരോ വർഷത്തെയും വിനിയോഗിക്കാത്ത വികസന ഫണ്ട് ലാപ്സാകും).

3) അസി. എക്സി. എഞ്ചിനീയർ വർക്ക് ഓർഡർ നൽകിയതിന്റെയും കരാറുകാരൻ വർക്ക് സൈറ്റ് ഏറ്റെടുത്തതിന്റെയും രേഖയില്ല.

4) പൊതുമരാമത്ത് വകുപ്പ് മാനുവലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ

ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുഉടമ്പടിയിലെ 6-ാം വ്യവസ്ഥ പ്രകാരം സ്ഥലം ഏറ്റെടുത്ത് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്, -ാം വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കണം. എന്നാൽ അളവ് പുസ്തകപ്രകാരം, പ്രവൃത്തി 19.12.2016 - ന് ആരംഭിച്ച് 12.01.2017 -നാണ് അവസാനിച്ചിട്ടുള്ളത്(ആദ്യ അവസാന അളവുകൾ രേഖപ്പെടുത്തിയ തീയതി). 07/06/2016- ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി 10 ദിവസത്തിനകം അതായത് 17.06.2016 -നകം ആരംഭിക്കേണ്ടതായിരുന്നു. 19.12.2016 -നാണ് ആരംഭിച്ചതെന്നതിനാൽ എഗ്രിമെന്റിന്റെ ലംഘനമാണ് അതിനാൽ 19.06.2016 മുതൽ പ്രവൃത്തി പൂർത്തിയാക്കിയ 12.01.2017 - വരെ (207 ദിവസങ്ങൾ) കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതായിരുന്നു. അതായത് 29 ആഴ്ചകൾക്ക് കരാർ തുകയുടെ 0.1% വീതം 11411/-രൂപ(393497X 29 X 0.1/100) ഈടാക്കിയിട്ടില്ല

സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കാത്തതിനുള്ള പിഴ 4937/-രൂപയും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്ന 11,411/-രൂപയും അടക്കം 16348/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത മരാമത്ത് പ്രവൃത്തിയാണ് നടപ്പാക്കിയതെന്നതിനാൽ ബാക്കി ചെലവ് തുക *359093*/-രൂപ (*375441* – 16348) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു

IV)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്:0194/16-17 |
| പ്രോജക്ടിന്റെ പേര് | ഇരുമൽ കോളനി മെതിക്കളം |
| അടങ്കൽ | 5 ലക്ഷം രൂപ (ടി.എസ്.പി.) |
| ചെലവ് | 3,86,050/-രൂപ[ട്രഷറി ബിൽ നം. 10/16-17, 08/03/2017 |
| എം. ബുക്ക് നമ്പർ | 1/15-16(പേജ് 1- 7) |
| കോൺട്രാക്ടർ | ശ്രീ. ബോസ് എൻ.എസ്. (22.79% below) |
| കരാറുടമ്പടി നമ്പർ | AEE/LSGD/46/15-16, 06.02.2016 |
| പി.എ.സി. | 4,96,708/- |

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത മരാമത്ത് പ്രവൃത്തിയാണ് നടപ്പാക്കിയതെന്നതിനാൽ ചെലവ് തുക 386050/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു

21.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/2016-17) അസി. എക്സി. എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നിരാകരിച്ച തുകകൾ ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത മരാമത്ത് പ്രവൃത്തി നടപ്പാക്കിയതിനും മറ്റ് അപാകതകൾക്കും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്

## 3-17 നിയമ വിരുദ്ധമായി വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ - അറ്റകുറ്റപണികൾ നടത്തി - ഗുണഭോക്തൃസമിതിയ്ക്ക് അനർഹമായ തുക അനുവദിച്ചു.

പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0192/16-17 |
| പ്രോജക്ടിന്റെ പേര് | ഐ.സി.ഡി.എസ്. കൽപ്പറ്റ അഡീഷണൽ വൈത്തിരി - അറ്റകുറ്റപണികൾ |
| അടങ്കൽ | 5 ലക്ഷം രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ഭരണാനുമതി | 2/16-17(1), 14.07.2016 |
| സാങ്കേതിക അനുമതി | 11040/16-17, 16.11.2016 |
| ചെലവ് | 400000/-രൂപ[ട്രഷറി ബിൽ നം. 13/16-17, 22/03/2017 |
| എം. ബുക്ക് നമ്പർ | 168/15-16(പേജ് 1- 23) |
| കൺവീനർ | ശ്രീമതി ഡാർളി ഇ. പോൾ, സി.ഡി.പി.ഒ. |
| കരാറുടമ്പടി നമ്പർ | AEE/LSGD/44/15-16, 11.01.2017 |
| പി.എ.സി. | സിവിൽ വർക്ക് 340621/-രൂപ, ഇലട്രിക്ക് വർക്ക് - 87000/-രൂപ |

പ്രോജക്ട് നടപ്പിലാക്കിയതിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1) അറ്റകുറ്റപണികൾ നടത്തിയിട്ടുള്ളത് വൈത്തിരി ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽപെട്ട കെട്ടിടത്തിലാണ്. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം (172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അഞ്ചാം പട്ടിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ കാണുക) അതത് സ്വയം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലെ മരാമത്ത് പ്രവൃത്തികൾ നടത്താൻ അവകാശമുള്ളൂ. ഇതിന് പുറമേ സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)330/2004/തസ്വഭവ, 09.12.2004 പ്രകാരം അതത് സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ അറ്റകുറ്റപണിക്കാണ് സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കാവുന്നത്.

2) 13.11.2014 -ലെ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./തസ്വഭവ പ്രകാരം ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാൻ പാടില്ലാത്തതാണ്.

3) സി.ഡി.പി.ഒ. -യാണ് പ്രവൃത്തിയുടെ കൺവീനർ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മാർഗ്ഗരേഖ (ജി.ഒ. (എം.എസ്.) 04/2016/തസ്വഭവ, 11.01.2016) പ്രകാരം അദ്ധ്യപക - രക്ഷാകർതൃ സമിതികൾ, അംഗൻവാടി വെൽഫയർ കമ്മിറ്റികൾ എന്നിവയാണ് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകൃത ഏജൻസികളായി അംഗീകരിച്ചിട്ടുള്ളത്.

4) ഗുണഭോക്തൃസമിതിയുടെ മിനിട്ട്സ് ബുക്കും, ചെലവ് കണക്കുകളും, ചെലവ് വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പ്രവൃത്തിയുടെ ടി.എസ്. തുക 4,87,000/- രൂപയും അടങ്കൽ 5,00,000/- രൂപയുമാണ്. അടങ്കൽ തുക ടി.എസ്. തുകയിൽ പരിമിതപ്പെടുത്താത്തതിനാൽ 13,000/- വിനിയോഗിക്കപ്പെടുത്താൻ കഴിയാതെ നഷ്ടപ്പെടുന്നതിന് ഇടയാക്കി. ടി.എസ്. തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| സിവിൽ വർക്ക് എസ്റ്റിമേറ്റ് തുക | 340620.53 |
| സർവ്വീസ് ടാക്സ് | 35765.15 |
| ലംപ്സം പ്രൊവിഷൻ | 23614.63 |

| | |
|---|---|
| ഇലക്ട്രിക്ക് വർക്ക് എസ്റ്റിമേറ്റ് തുക (ലംപ്സം) | 87000 |
| ആകെ | 487000.31 |

കേരള പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 1601.1.2(ഇ) പ്രകാരം ലംപ്സം പ്രൊവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5%-ൽ അധികരിക്കാൻ പാടില്ലാത്തതാണ്.

6) ഇലക്ട്രിക്ക് വർക്കിന് 87,000/-രൂപ വകയിരുത്തിയിരുന്നെങ്കിലും നടപ്പിലാക്കിയതായി കാണുന്നില്ല. ഇലക്ട്രിക്ക് വർക്ക് നടപ്പിലാക്കാത്തതിനാൽ വകയിരുത്തിയതുക ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെടുന്നതിന് ഇടയായി.

7) സിവിൽ വർക്കിന്റെ പി.എ.സി. 340621/- രൂപയായിരുന്നതിനാൽ ഗുണഭോക്തൃ സമിതിക്ക് നൽകാനുള്ള തുക അതിൽ പരിമിതപ്പെടുത്തണമായിരുന്നു. എന്നാൽ പി.എ.സി. -യിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതിനാൽ (ചെയ്ത പ്രവൃത്തിയുടെ മൂല്യം 3,78,413/-രൂപ അംഗീകരിച്ച് തുക അനുവദിച്ചിട്ടുള്ളത്) 37,792/- (378413 - 340621) രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമല്ലാതെ ചെയ്ത പ്രവൃത്തികൾ അംഗീകരിക്കാവുന്നതല്ല. കൂടുതലായി പ്രവൃത്തികൾ ചെയ്യാനുണ്ടായിരുന്നെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങണമായിരുന്നു. എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷൻ, സർവ്വീസ് ടാക്സ് എന്നീ പേരുകളിൽ അധിക തുക ഉൾപ്പെടുത്തുകയും നിയമ വിരുദ്ധമായി ചെലവഴിക്കുകയും അംഗീകരിക്കാവുന്നതല്ല.

8) ഓവർ ഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുള്ള പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികളിൽ നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് ജി. ഒ. (പി) നം. 30/2016/ധനം, തീയ്യതി 29.02.2016 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ് അടക്കമുള്ള നിരക്കാണ് അനുവദിച്ചിട്ടുണ്ട്. എന്നാൽ നിയമാനുസൃത നികുതിയും തൊഴിലാളി ക്ഷേമ നിധി ഫണ്ടും ബില്ലിൽ നിന്നും ഈടാക്കാതെയും ഗുണഭോക്തൃ സമിതിക്ക് തുക അനുവദിച്ചതിനാൽ 21,587/-രൂപ (400000 - 378413) അധികം നൽകി.

20.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2016-17) അസി. എക്സി. എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പി.എ.സി. -യിൽ പരിമിതപ്പെടുത്താതെ അനുവദിച്ച 37792/- രൂപയും നിയമാനുസൃത നികുതിയും തൊഴിലാളി ക്ഷേമനിധി ഫണ്ടും ഈടാക്കാത്തതുമൂലം അധികം നൽകിയ 21,587/-രൂപയും ചേർത്ത് 59,379/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ഈ പ്രോജക്ട് നിർവ്വഹണത്തിൽ നിയമ ലംഘനം ഉണ്ടായിട്ടുണ്ട് എന്നതിനാൽ ബാക്കി ചെലവ് തുക 3,40,621/- (400000 - (37792 + 21587)) രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. തുക നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-18** കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തത് കാരണം ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം.

കേരള പഞ്ചായത്ത് രാജ് നിയമം (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 10(12) അനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടറാണ് അംഗീകരിക്കേണ്ടത്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അഭികാമ്യമല്ലെങ്കിൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസക്ത കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം അതിനേക്കാൾ തൊട്ടടുത്ത ഉയർന്ന ടെണ്ടറാണ് സ്വീകരിക്കാവുന്നത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ ടെണ്ടറിൽ ചട്ട വിരുദ്ധമായി അധിക നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0074/16-17 |
| പ്രോജക്ടിന്റെ പേര് | വാര്യാട് റോഡ് കോൺക്രീറ്റ് (മുട്ടിൽ) |
| അടങ്കൽ | 5 ലക്ഷം രൂപ (ടി.എസ്.പി.) |

| | |
|---|---|
| സാങ്കതിക അനുമതി | 1008/15-16, 06.10.2015 |
| ചെലവ് | 466950/-രൂപ ട്രഷറി ബിൽ നം. 08/16-17, 23/02/2017 |
| എം. ബുക്ക് നമ്പർ | 163/15-16(പേജ് 1- 10) |
| കോൺട്രാക്ടർ | കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| കരാറുടമ്പടി നമ്പർ | AEE/LSGD/35/15-16, 07.06.2016 |
| പി.എ.സി. | 496879/-രൂപ |

പ്രവൃത്തിയുടെ ടെണ്ടറിൽ 4 കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് (397211.70/-രൂപ) രേഖപ്പെടുത്തിയത് ശ്രീ. സുനിൽകുമാർ ഒ.ബി. എന്ന കരാറുകാരനായിരുന്നു. എന്നാൽ ഏറ്റവും കൂടിയ നിരിക്ക് രേഖപ്പെടുത്തിയ (464275.35/-രൂപ) രേഖപ്പെടുത്തിയ കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ നിരാകരിക്കാനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ അംഗീകരിച്ച ടെണ്ടറിന്റെ വിവരം രേഖപ്പെടുത്തി ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് 69738/-രൂപ (466950 - 397211.70) നഷ്ടമുണ്ടായിട്ടുണ്ട്.

പ്രോജക്ട് നടപ്പിലാക്കിയതിലെ മറ്റ് ന്യൂനതകൾ താഴെ കൊടുക്കുന്നു.

1) സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കണം. 14 ദിവസത്തിനകം കരാറുടമ്പടി വയ്ച്ചിട്ടില്ലങ്കിൽ PAC - യുടെ 1% പിഴയോടുകൂടി 10 ദിവസസമയം കൂടി കരാറുടമ്പടി വയ്ക്കാൻ അനുവദിക്കാവുന്നതാണ് (പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ - 2009.6). അതിനുള്ളിൽ കരാറുടമ്പടി വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. എന്നാൽ 01.03.2016 - ന് 07.03.2016- നകം എഗ്രിമെന്റ് വയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ 07/06/2016 -നാണ് കരാറുടമ്പടി വച്ചിട്ടുള്ളത്. എന്നാൽ കരാർ റദ്ദാക്കിയില്ല എന്ന് മാത്രമല്ല കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല. കരാറുകാരനിൽ നിന്നും 4969/-രൂപ പിഴ ഈടാക്കേണ്ടതായിരുന്നു.

2) അസി. എക്സി. എഞ്ചിനീയർ വർക്ക് ഓർഡർ നൽകിയതിന്റെയും കരാറുകാരൻ വർക്ക് സൈറ്റ് ഏറ്റെടുത്തതിന്റെയും രേഖയില്ല.

3) പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുഉടമ്പടിയിലെ 6-ാം വ്യവസ്ഥ പ്രകാരം സ്ഥലം ഏറ്റെടുത്ത് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്, -9- ാം വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കണം. എന്നാൽ അളവ് പുസ്തകപ്രകാരം, പ്രവൃത്തി 10.01.2107 - ന് ആരംഭിച്ച് 24.01.2017 -നാണ് അവസാനിച്ചിട്ടുള്ളത് (ആദ്യ അവസാന അളവുകൾ രേഖപ്പെടുത്തിയ തീയതി). 07/06/2016- ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി 10 ദിവസത്തിനകം അതായത് 17.06.2016 -നകം ആരംഭിക്കേണ്ടതായിരുന്നു. 10.01.2107 - നാണ് ആരംഭിച്ചതെന്നതിനാൽ എഗ്രിമെന്റിന്റെ ലംഘനമാണ് അതിനാൽ 27.06.2016 മുതൽ പ്രവൃത്തി പൂർത്തിയാക്കിയ 24.01.2017 - വരെ (211 ദിവസങ്ങൾ) കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതായിരുന്നു. അതായത് 30 ആഴ്ചകൾക്ക് കരാർ തുകയുടെ 0.1% വീതം 13928/-രൂപ(464275X 30 X 0.1/100) ഈടാക്കിയിട്ടില്ല.

4) ഇത് ഒരു ഏകവർഷ പ്രോജക്ടായിരുന്നു. അതിനാൽ 31.03.2016-നകം പ്രവൃത്തി പൂർത്തികരിക്കേണ്ടതായിരുന്നു (ടെണ്ടർ നോട്ടീസ് പ്രകാരവും പൂർത്തികരണ തീയതി 31.03.2016 ആണ്). യഥാസമയം കരാറുടമ്പടി വച്ച് പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ ഈ പ്രോജക്ടിനു വേണ്ടി 2015-16

വർഷത്തിൽ വകയിരുത്തിയ വികസന ഫണ്ട് തുക 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുന്നു (ഒരോ വർഷത്തെയും വിനിയോഗിക്കാത്ത വികസന ഫണ്ട് ലാപ്സാകം).

21.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/2016-17) അസി. എക്സി. എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ 69738/-രൂപയും സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കാത്തതിനുള്ള പിഴ 4969/-രൂപയും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്ന 13,928/-രൂപയും അടക്കം 88,635/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ക്രമ വിരുദ്ധമായാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാൽ ബാക്കി ചെലവ് തുക

378315/- രൂപ (466950 – 88635) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-19** ചൂരൽമല മുണ്ടക്കൈ റോഡ് ഡ്രൈനേജ് പ്രവൃത്തി - നിയമ വ്യവസ്ഥകൾ പാലിക്കാതെ നടപ്പിലാക്കി.

പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0200/16-17 |
| പ്രോജക്ടിന്റെ പേര് | ചൂരൽമല മുണ്ടക്കൈ റോഡ് ഡ്രൈനേജ് |
| അടങ്കൽ | 5 ലക്ഷം രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) |
| സാങ്കതിക അനുമതി | 1004/15-16, 06.10.2015 |
| ചെലവ് | 422136/-രൂപ[ട്രഷറി ബിൽ നം. 12/16-17, 22/03/2017 |
| എം. ബുക്ക് നമ്പർ | 04/16-17(പേജ് 1- 13) |
| കരാറുകാരൻ | ശ്രീ. സിജോ എം.പി. |
| കരാറുടമ്പടി നമ്പർ | 37/15-16, 14/06/2016 |
| പി.എ.സി. | 497277/-രൂപ |
| സെലക്ഷൻ നോട്ടീസ് തീയതി | 01.03.2016 (നം. AEE/LSGD/D1/2015-16) |
| സൈറ്റ് കൈമാറിയ തിയതി | 14.06.2016 |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 2 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 13/01/2017 (എം. ബുക്ക് പേജ് നം. - 01) |
| പ്രവൃത്തി പൂർത്തികരിച്ച തീയതി | 04/02/2017 (എം. ബുക്ക് പേജ് നം. - 07) |

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം/കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പലതും പാലിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തിയുടെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക (420198.39) രേഖപ്പെടുത്തിയത് ശ്രീ. പ്രവീൺ കെ.പി. എന്ന കരാറുകാരനായിരുന്നു. എന്നാൽ 422187.49/-രൂപ രേഖപ്പെടുത്തിയ ശ്രീ. സിജോ എം.പി. യുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിക്കാനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല (1997 -ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 10(12)). ആയതിനാൽ 1989/-രൂപ (422187.49 - 420198.39) നഷ്ടമുണ്ടായിട്ടുണ്ട്.

2) ചട്ടം 10 (11) പ്രകാരം ടെണ്ടർ തുറന്ന തീയതി മുതൽ 10 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ 03.02.2016 - ന് ടെണ്ടർ തുറന്നിട്ട് 01.03.2016 - നാണ് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുള്ളത്. സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കണം. 14 ദിവസത്തിനകം കരാറുടമ്പടി

വയ്ച്ചിട്ടില്ലങ്കിൽ PAC - യുടെ 1% പിഴയോടുകൂടി 10 ദിവസസമയം കൂടി കരാറുടമ്പടി വയ്ക്കാൻ അനുവദിക്കാവുന്നതാണ് (സെക്ഷൻ - 2009.6). അതിനുള്ളിൽ കരാറുടമ്പടി വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. എന്നാൽ 01.03.2016 - ന് സെലക്ഷൻ നോട്ടീസ് അയച്ചിട്ട് 14/06/2016 -നാണ് കരാറുഉടമ്പടി വച്ചിട്ടുള്ളത്. എന്നാൽ കരാർ റദ്ദാക്കിയില്ല എന്ന് മാത്രമല്ല കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല. കരാറുകാരനിൽ നിന്നും 4973/-രൂപ പിഴ ഈടാക്കേണ്ടതായിരുന്നു.

3) ഇത് ഒരു ഏകവർഷ പ്രോജക്ടായിരുന്നു. അതിനാൽ 31.03.2016-നകം പ്രവൃത്തി പൂർത്തികരിക്കേണ്ടതായിരുന്നു (ടെണ്ടർ നോട്ടീസ് പ്രകാരവും പൂർത്തികരണ തീയതി 31.03.2016 ആണ്). യഥാസമയം കരാറുടമ്പടി വച്ച് പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ ഈ പ്രോജക്ടിനു വേണ്ടി 2015-16 വർഷത്തിൽ വകയിരുത്തിയ വികസന ഫണ്ട് തുക 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുന്നു (ഒരോ വർഷത്തെയും വിനിയോഗിക്കാത്ത വികസന ഫണ്ട് ലാപ്സാകും).

4) അസി. എക്സി. എഞ്ചിനീയർ 14.06.2016- ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ വർക്ക് സൈറ്റ് ഏറ്റെടുത്തതിന്റെ രേഖയില്ല.

5) പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുടമ്പടിയിലെ 6-ാം വ്യവസ്ഥ പ്രകാരം സ്ഥലം ഏറ്റെടുത്ത് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്, 9-ാം വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കണം. എന്നാൽ അളവ് പുസ്തകപ്രകാരം, പ്രവൃത്തി 13.01.2107 - ന് ആരംഭിച്ച് 04.02.2017 -നാണ് അവസാനിച്ചിട്ടുള്ളത്. (ആദ്യ അവസാന അളവുകൾ രേഖപ്പെടുത്തിയ തീയതി). 07/06/2016- ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി 10 ദിവസത്തിനകം അതായത് 17.06.2016 -നകം ആരംഭിക്കേണ്ടതായിരുന്നു. 10.01.2107 - നാണ് ആരംഭിച്ചതെന്നതിനാൽ എഗ്രിമെന്റിന്റെ ലംഘനമാണ് അതിനാൽ 14/06/2016 മുതൽ പ്രവൃത്തി പൂർത്തിയാക്കിയ 04/02/2017 - വരെ (234 ദിവസങ്ങൾ) കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതായിരുന്നു. അതായത് 33 ആഴ്ചകൾക്ക് കരാർ തുകയുടെ 0.1% വീതം 13932/-രൂപ (422187 X 33 X 0.1/100) ഈടാക്കിയിട്ടില്ല.

6) കരാറുടമ്പടിയിൽ പൂർത്തികരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി 31.03.2016 - ഉം ടെണ്ടർ തുറക്കുന്ന തീയതി 03.02.2016 -ഉം ആയതിനാൽ അനുവദിക്കാവുന്ന പരമാവധി പൂർത്തികണ സമയം 2 മാസക്കാലമാണ്. എന്നാൽ 14/06/2016 -നാണ് കരാറുടമ്പടി വച്ച പ്രവൃത്തി 04.02.2017-നാണ് (അവസാന അളവ് രേഖപ്പെടുത്തിയ തീയതി) പൂർത്തിയാക്കിയിട്ടുള്ളത്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 25%ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തീകണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല. കരാറുകാരൻ പൂർത്തികരണകാലാവധി ദീർഘീകരണത്തിന് അപേക്ഷ നൽകിയതായോ ഭരണസമിതി ദീർഘീകരണം അനുവദിച്ചതായോ കാണുന്നില്ല.

7) പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർതുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടുമാണ് നടത്തേണ്ടത്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് കരാറുകാരനുമായി ചമച്ച ഉഭയകക്ഷി

കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘിപ്പിക്കൽ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണിത്.

20.11.2017 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2016-17) അസി. എക്സി. എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ 1989/- രൂപയും സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കാത്തതിനുള്ള പിഴ 4973/-രൂപയും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്ന 13,932/-രൂപയും അടക്കം 20,894/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക -ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ക്രമ വിരുദ്ധമായാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാൽ ബാക്കി ചെലവ് തുക 401242/- രൂപ (422136 – 20894) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 15006500 | പി എം എ വൈ ഭവന നിർമ്മാണം | ലഭ്യമല്ല | ലഭ്യമല്ല |
| ജില്ലാപഞ്ചായത്ത് | 13025500 | പി എം എ വൈ ഭവന നിർമ്മാണം | ലഭ്യമല്ല | ലഭ്യമല്ല |
| ആകെ | 14032000 | | | |

വാർഷിക ധനകാര്യ പത്രികയിൽ ആർ.പി. 31 ൽ സംയുക്ത പദ്ധതികൾക്കായി 4,08,28,354/- രൂപ തൻവർഷം ലഭിച്ചിട്ടുള്ളതിനാൽ പി.എം.എ.വൈ. പദ്ധതിയ്ക്കായി വരവ് വന്നത് 1,40,32,000/- രൂപയാണ്. അവശേഷിക്കുന്ന 2,67,96,354/- രൂപയുടെ വിയശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം /ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം/ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15, ഖ -2-1 | 2016-17 ഖ 2.1.2 | വാർഷിക പദ്ധതി നിർവഹണം, വരവ് ചെലവ് കണക്ക് | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്. ഒഴിവാക്കിയിട്ടില്ല |
| 2014-15, ഖ-2-13 | 2016-17 | തിരിമറികൾ, നഷ്ടം, പണ്പഹരണം മുതലായവ | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട് . ഒഴിവാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 154683844 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 147105837 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,33,170 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5,12,336 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,59,72,958 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 2- (3) | 233170 | -- | ശ്രീമതി സുലോചന വി.ടി , കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-1(1എ) | | 12321 | ശ്രീ ദിനേശൻ പി കെ , സെക്രട്ടറി |
| 3-1(1ബി) | | 21246 | --ടി-- |
| 3-1(2) | | 8000 | --ടി-- |
| 3-1(3) | | 30375 | --ടി-- |
| 3-4(A) | | 1569 | ശ്രീ കെ എം ജോസഫ്, സെക്രട്ടറി |
| 3-5 | | 8615 | ശ്രീമതി സുലോചന വി.ടി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-10 | | 43664 | ഡോഃ ആശ. വി.വി. മെഡിക്കൽ ഓഫീസർ വൈത്തിരി<br>താലൂക്ക് ഹോസ്പിറ്റൽ |
| 3-15 | | 24560 | ഡോഃ ആശ. വി.വി. മെഡിക്കൽ ഓഫീസർ വൈത്തിരി<br>താലൂക്ക് ഹോസ്പിറ്റൽ |
| 3-16(1) | | 57435 | ശ്രീ റോയ് ഐസക്, അസി.എക്സി.<br>എഞ്ചിനീയർ |
| 3-16(II)(1) | | 53279 | --ടി-- |
| 3-16(II)(2) | | 50981 | --ടി-- |
| 3-16(II)(3) | | 4950 | --ടി-- |
| 3-16(II)(6) | | 10085 | --ടി-- |
| 3-16(III)(1) | | 4937 | --ടി-- |
| 3-16(III)(4) | | 11411 | --ടി-- |
| 3-17 | | 59379 | --ടി-- |
| 3-18 | | 86635 | --ടി-- |
| 3-19(1) | | 1989 | --ടി-- |
| 3-19(2) | | 4973 | --ടി-- |
| 3-19(5) | | 13932 | --ടി-- |
| ആകെ | | 512336 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1(3) | 14175 | ശ്രീ ദിനേശൻ പി കെ, സെക്രട്ടറി |
| 3-2 | 29532319 | ശ്രീ ദിനേശൻ പി കെ, സെക്രട്ടറി |
| 3-3 | 100000 | ശ്രീ കെ ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 3-7 | 3031283 | ശ്രീമതി സുലോചന വി.ടി,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-8 | 360000 | ശ്രീമതി സുലോചന വി.ടി,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-11 | 52069 | ഡോഃ ആശ. വി.വി.<br>മെഡിക്കൽ ഓഫീസർ,<br>വൈത്തിരി താലൂക്ക്<br>ഹോസ്പിറ്റൽ |
| 3-13 | 279521 | --ടി-- |
| 3-14 | 97500 | --ടി-- |
| 3-16(1) | 335565 | --ടി-- |
| 3-16(II) | 305205 | --ടി-- |
| 3-16(III) | 359093 | --ടി-- |
| 3-16(IV) | 386050 | --ടി-- |
| 3-17 | 340621 | --ടി-- |
| 3-18 | 378315 | --ടി-- |
| 3-19 | 401242 | --ടി-- |
| ആകെ | 35972958 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്,<br>ഉദ്യോഗപ്പേര് | ഇപ്പോഴത്തെ<br>വിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ ദിനേശൻ പി<br>കെ,<br>സെക്രട്ടറി | BDO, ഉഴവൂർ,<br>കോട്ടയം | പുതുശ്ശേരി ഹൗസ്,<br>വടയാർ(പി.ഒ.),<br>തലയോലപ്പറമ്പ്,<br>കോട്ടയം |
| ശ്രീമതി സുലോചന<br>വി.ടി,<br>കൃഷി അസിസ്റ്റന്റ്<br>ഡയറക്ടർ | കൃഷി അസിസ്റ്റന്റ്<br>ഡയറക്ടർ,<br>ഈരാറ്റുപേട്ട | കൈരളി ഭവൻ,<br>രാമപുരം (പി.ഒ.) |

| | | |
|---|---|---|
| ഡോഃ ആശവി.വി. മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ , വൈത്തിരി | ---- | അനർഘ, തൃച്ചമ്പരം, തളിപ്പറമ്പ് കണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | (തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം) |
|---|---|---|
| 1996-97(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി4-103/99തീ.10.03.99 | 10 |
| 1997-98(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി2-501/00തീ.4.1.01 | 31 |
| 1998-99(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി2-731/00തീ.16.04.01 | 14 |
| 1999-00(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി2-570/03തീ.7.4.04 | 10 |
| 2000-01(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി1-344//04.തീ4.10.05 | 10 |
| 2001-02(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി2-345/05.തീ.8.2.05 | 6 |
| 2002-03(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി5-549/06.തീ.10.10.06 | 9 |
| 2006-07 | എൽ.എഫ്.ഡബ്ല്യൂ.പി5-1073/11.തീ.15.2.12 | 10 |
| 2007-08,08-09 | എൽ.എഫ്.ഡബ്ല്യൂ.പി5-908/12.തീ.12.3.12 | 26 |
| 2009-10 | എൽ.എഫ്.ഡബ്ല്യൂ.ഇ2-359/13 തീ.3.9.13 | 19 |
| 2010-11,11-12 | എൽ.എഫ്.ഡബ്ല്യൂ.ഇ3-953/13 തീ.3.3.15 | 10 |
| 2012-13, 2013-14 | കെ എസ് എ(ഡബ്ല്യ വൈ ഡി)എം2/ 407/2015 | |
| 2014-15 | കെ എസ് എ(ഡബ്ല്യ വൈ ഡി)എം2/708/2016 | 5 |
| 2015-16 | കെ എസ് എ(ഡബ്ല്യ വൈ ഡി)എം2/163/2017 | 15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,വയനാട്.

# അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ാം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)എം.776/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്,
കൽപ്പറ്റ. പിൻ -673121

തിയ്യതി :18.12.2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൻെറ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

..

## AUDIT CERTIFICATE

No. KSA.(WYD)/M2/776/2017.

Kerala State Audit Department

District Audit Office Wayanad,
Kalpetta-673121

Phone: 04936-203672

Dated.18.12.2017

Email- dowyd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of Kalpetta Block Panchayath in Wayanad District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Kalpetta Block Panchayath for the year 2014-15 except the observations in My audit report properly presents the picture of income and expenditure.

Senopr Deputy Director
Kerala Stat Audit Department
District office, Wayanad.